www.malankaralibrary.com

മലങ്കര കാതലിക് യൂത്ത് മൂവ്മെന്റ്
പത്തനംതിട്ട ഭദ്രാസനം



# നുഹ്റോ ദ് മലങ്കര

ܢܘܗܪܐ ܕܡܠܢܟܪܐ

ഈവാനിയൻ പദയാത്ര അനുഭവ കുറിപ്പുകൾ

6–ാം പതിപ്പ്

www.malankaralibrary.com

# MALANKARA SYRIAN CATHOLIC CHURCH HIERARCHY



**H.G. MOST REV.Dr. THOMAS MAR KOORILOS**
Archbishop of Thiruvalla



**HIS HOLINESS POPE FRANCIS**



**H.E. MOST REV. Dr.JOSHUA MAR IGNATHIOS**
Bishop of Mavelikkara




**H.E. MOST REV. Dr. JOSEPH MAR THOMAS**
Bishop of Bathery




**HIS BEATITUDE MORAN MOR BASELIOS CARDINAL CLEEMIS CATHOLICOS**
Major Archbishop-Catholicos of the Syro-Malankara Catholic Church
Major Archbishop of Trivandrum




**H.E. MOST REV. Dr. SAMUEL MAR IRENIOS**
Bishop of Pathanamthitta



**H.E. MOST REV. Dr. PHILIPOS MAR STEPHANOS**
Bishop of USA & Canada



**H.E. MOST REV. Dr. THOMAS MAR ANTHONIOS OIC**
Bishop of Gurgaon (Administrator of Khadki, Pune)



**H.E. MOST REV. Dr. VINCENT MAR PAULOS**
Bishop of Marthandom




**H.E. MOST REV. Dr. THOMAS MAR EUSEBIUS**
Bishop of Parassala




**H.E. MOST REV. Dr. GEEVARGHESE MAR MAKARIOS**
Bishop of Puttur




**H.E. MOST REV. Dr. YOOHANON MAR THEODOSIUS**
Bishop of Muvattupuzha




**H.E. MOST REV. Dr. ANTONY MAR SILVANOS**
Bishop of the Major Archiepiscopal Curia



**H.E. MOST REV. Dr. MATHEWS MAR POLYCARPOS**
Auxiliary Bishop
Major Arch Diocese of Trivandrum



**H.E. MOST REV. Dr. YOOHANON MAR CHRYSOSTOM**
Bishop Emeritus
Pathanamthitta



**H.E. MOST REV. Dr. ABRAHAM MAR JULIOS**
Bishop Emeritus
Muvattupuzha

www.malankaralibrary.com



മുണ്ടൻമലയിൽ തെളിച്ച ഐക്യത്തിന്റെ ദീപവുമേന്തി
ആഗോള കത്തോലിക്കാസഭയുടെ
സ്നേഹക്കൂട്ടായ്മയിലേക്ക്
നടന്നിറങ്ങിയ താപസശ്രേഷ്ഠൻ...
മാർ ഈവാനിയോസ് തിരുമേനി...
ആ താപസശ്രേഷ്ഠന്റെ തീർത്ഥാടന വഴിയേ
അനന്തപുരിയുടെ മടിത്തട്ടിൽ
ഉയർന്നു നിൽക്കുന്ന അനുഗ്രഹങ്ങളുടെ
കലവറയിലേക്ക് നമുക്ക് യാത്രചെയ്യാം.

ഈ പദയാത്രയ്ക്ക് കാലാകാലങ്ങളിൽ
നേതൃത്വം വഹിച്ച എല്ലാവരേയും ഓർക്കാം.
ഈ തീർത്ഥയാത്ര മാർ ഈവാനിയോസ്
പിതാവിനെ പോലെ ക്രിസ്തുവിനെ ഏവരിലേക്കും
പകർന്നു നൽകാൻ കാരണമാകട്ടെ....




# സഹറോദ് മലങ്കര

## ഈവാനിയൻ പദയാത്ര അനുഭവ കുറിപ്പുകൾ

6–ാം പതിപ്പ്

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്
MCYM
പത്തനംതിട്ട ഭദ്രാസനം
Upasana Pastoral Centre, Omalloor P.O.
Pathanamthitta Dist., Kerala - 689647
mcymptadiocese@gmail.com
https://www.facebook.com/mcymptadiocese
https://www.instagram.com/mcymptadiocese/


Printed and Published by
MCYM 2022-23 Office Bearers
Pathanamthitta Diocese

www.malankaralibrary.com



# THE SYRO-MALANKARA CATHOLIC CHURCH
## DIOCESE OF PATHANAMTHITTA

**MOST REV. DR. SAMUEL MAR IRENIOS**
BISHOP OF PATHANAMTHITTA



CATHOLIC BISHOP'S HOUSE
PATHANAMTHITTA - 689 645
KERALA, INDIA
Phone: +91-468-2223100, 2223200
Fax: +91-468-2223800
E-mail:diocesepta@gmail.com (O)
bishopmarirenios@gmail.com (P)

## ആശംസ

"ഞാൻ നിന്നോട് അഭ്യർഥിക്കുന്നു; കടന്നുപോയ തലമുറകളോട് ആരായുക; പിതാക്കൻമാരുടെ അനുഭവങ്ങൾ പരിഗണിക്കുക." (ജോബ് 8:8)

കാലം കഴിയുന്തോറും ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തിലേക്കും ദർശനങ്ങളിലേക്കും ആകൃഷ്ഠരാകുന്നവരുടെ എണ്ണം വർദ്ധിക്കുകയാണ്. ഇതിന് കാരണം വന്ദ്യ പിതാവിന്റെ ജീവിത വിശുദ്ധിയും ക്രാന്തദർശിത്വവുമാണെന്നുള്ളതിന് സംശയമില്ല. പിതാവിന്റെ ജീവിതം സ്നേഹത്തിന്റെയും സത്യത്തിന്റെയും ഐക്യത്തിന്റെയും തീർത്ഥാടനമായിരുന്നു. ദൈവസമ്പാധനത്തിന്റെ പൂർണ്ണതയിൽ ലക്ഷ്യം വച്ച ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. വ്യക്തിപരമായ ദൈവബന്ധത്തിലൂടെയും സന്ന്യാസനിഷ്ഠയിലൂടെയും അദ്ദേഹം ആർജ്ജിച്ച ആത്മീയ ഔന്നത്യമാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സ്വത്വവും അനന്യതയും. തന്റെ സമകാലീനർക്ക് സ്പഷ്ഠമായിരുന്ന പിതാവിന്റെ ആത്മീയ പൈതൃകം കാലത്തിന്റെ അതിരുകൾ ഭേദിച്ച് എല്ലാ ദേശങ്ങൾക്കും തലമുറകൾക്കും പ്രകാശം നൽകുന്നു. ആ പുണ്യ ജീവിതത്തിൽ വിളങ്ങി നിന്ന ലാളിത്യവും അനിതരസാധാരണമായ ദർശന വൈഭവവും പരിചിതമല്ലാത്ത നവീന മേഖലകളിലേക്ക് മലങ്കര സഭയെ കൈപിടിച്ച് നയിച്ചു.

പുണ്യപിതാവിന്റെ മധ്യസ്ഥത അപേക്ഷിച്ച് എല്ലാ വർഷവും നടത്തുന്ന പദയാത്രയിൽ സംബന്ധിക്കുന്ന അനേകർക്ക് വലിയ ആത്മീയ അനുഭവങ്ങൾ ഉണ്ടാകുന്നു എന്നുള്ളത് ദൈവാനുഗ്രഹത്തിന്റെയും പിതാവിന്റെ പുണ്യ ജീവിതത്തിന്റെയും തെളിവാണ്. അത്തരം അനുഭവ സാക്ഷ്യങ്ങൾ പങ്കുവെയ്ക്കാനും അതു വഴി ആ വിശുദ്ധ ജീവിതത്തിന്റെ പരിമളം അനേകരിലേക്കെത്തിക്കാനുമായി **നുഹ്റോ ദ് മലങ്കര** എന്ന പേരിൽ അനുഭവസാക്ഷ്യങ്ങളുടെ ഒരു വിവരണം എം.സി.വൈ.എം. പത്തനംതിട്ട രൂപതാ സമിതി പ്രസിദ്ധീകരിക്കുന്നതിലുള്ള സന്തോഷം ഞാൻ അറിയിക്കട്ടെ. അനേകരിലേക്ക് ഈ അനുഭവ സാക്ഷ്യങ്ങൾ എത്തിക്കാനും അതുവഴി വന്ദ്യ പിതാവിന്റെ ജീവിത വിശുദ്ധിയെപ്പറ്റി ബോധ്യം നല്കാനും ഈ പ്രസിദ്ധീകരണം സഹായകമാകട്ടെയെന്ന് ആശംസിക്കുന്നു. ഇതിനുവേണ്ടി പരിശ്രമിച്ച ബഹു. സ്കറിയ പതാലിൽ അച്ചനെയും എം.സി.വൈ.എം ഭാരവാഹികളെയും മാർ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥതയിൽ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

+ Mar Irenios

ഡോ. സാമുവേൽ മാർ ഐറേനിയോസ്
(പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ)


www.malankaralibrary.com



# THE SYRO-MALANKARA CATHOLIC CHURCH
## DIOCESE OF PATHANAMTHITTA

**MOST REV. YOOHANON MAR CHRYSOSTOM**
(BISHOP JOHN KALLOOR)
BISHOP EMERITUS

BISHOP EMERITUS
CHEEKANAL, OMALLOOR P.O.,
PATHANAMTHITTA - 689 647
KERALA, INDIA
E-MAIL: bpdiopta@gmail.com



## ആശംസ

എല്ലാ മതങ്ങളുടെയും ആധ്യാത്മികതയുടെ ഭാഗമാണ് തീർത്ഥാടനം. തീർത്ഥാടനം തീർത്ഥം തേടിയുള്ള അല്ലെങ്കിൽ പുണ്യം തേടിയുള്ള യാത്രയാണ്. ക്രിസ്തീയ ജീവിതം അനുസരിച്ച് മനുഷ്യജീവിതം തന്നെ ഒരു തീർത്ഥാടനമാണ്. സ്വർഗീയ ജറുസലേമിനെ ലക്ഷ്യമാക്കിയുള്ള തീർത്ഥ യാത്ര. ഭൂമിയിൽ മനുഷ്യർ നടത്തുന്ന തീർത്ഥയാത്രകൾ എല്ലാം ഈ സ്വർഗീയ യാത്രയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകളാണ്.

വർഷങ്ങൾക്ക് മുമ്പ് മലങ്കരയുടെ പുണ്യ പിതാവ് ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനി മുണ്ടൻ മലയുടെ നെറുകയിൽ നിന്ന് കത്തോലിക്കാ സഭയെ ആശ്ലേഷിക്കുന്നതിന് വേണ്ടി നടത്തിയ ഒരു തീർത്ഥയാത്രയുണ്ട്. ഭിന്നിപ്പിൽ നിന്ന് ഐക്യത്തിലേക്കുള്ള യാത്ര... നഷ്ടപ്പെട്ടുപോയ ആധ്യാത്മിക ചൈതന്യത്തിൽ നിന്ന് ആധ്യാത്മിക നവീകരണത്തിലേക്കുള്ള യാത്ര... നഷ്ടപ്പെട്ടുപോയ പ്രേഷിത ദൗത്യത്തിൽ നിന്ന് സുവിശേഷവൽക്കരണത്തിന്റെ പുതിയ തലങ്ങളിലേക്കുള്ള യാത്ര... പുണ്യ പിതാവ് നടന്നു നീങ്ങിയ അതേ വഴിയിലൂടെ മലങ്കരയുടെ മക്കൾ പദയാത്രികരായി എല്ലാവർഷവും നടക്കുകയാണ്. ഈ തീർത്ഥയാത്രയ്ക്ക് ഒരു ലക്ഷ്യമുണ്ട്. പുണ്യ പിതാവിന്റെ കബറിലെത്തി ആ തിരുശേഷിപ്പുകളിൽ നിന്ന് അനുഗ്രഹം പ്രാപിച്ചു തിരികെ പോവുക എന്നത്. ഒപ്പം ഈ തീർത്ഥയാത്ര, സഭകളുടെ ഐക്യത്തിന് വേണ്ടിയുള്ള യാത്രയാവണം. സുവിശേഷ വാഹകരായി മാറുന്നതിനുള്ള യാത്രയാവണം. പുതിയ പ്രേക്ഷിതരായി മാറുന്നതിനുള്ള യാത്രയാകണം. ഈ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ഈ വർഷത്തെ പദയാത്ര കാരണമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഈ തീർത്ഥാടന പദയാത്രയിൽ പങ്കെടുത്ത അനേകരുടെ പ്രാർത്ഥനകളും അനുഗ്രഹങ്ങളും സാക്ഷ്യങ്ങളും നമുക്ക് കരുത്ത് പകരും. ഇങ്ങനെയുള്ളവരുടെ അനുഭവക്കുറിപ്പുകൾ വാങ്മയ ചിത്രങ്ങളായി അവതരിപ്പിക്കുവാൻ ശ്രമിക്കുന്ന പത്തനംതിട്ട രൂപതയുടെ എം.സി.വൈ .എം.ന്റെ ഡയറക്ടർ അച്ചനെയും, അസിസ്റ്റന്റ് ഡയറക്ടർ അച്ചനെയും ഭാരവാഹികളെയും എല്ലാ യുവജനങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു. പുണ്യ പിതാവിന്റെ കബറിലേക്കുള്ള പദയാത്ര നമ്മുടെ സഭയ്ക്ക് ആകമാനം അനുഗ്രഹത്തിന്റെയും അഭിഷേകത്തിന്റെയും സന്ദർഭം ആകട്ടെ എന്ന് പ്രാർത്ഥിക്കുന്നു....

പ്രാർത്ഥനാപൂർവ്വം,

+ Ym. Chrysostom

യൂഹാനോൻ മാർ ക്രിസോസ്റ്റം
(പ്രഥമ മെത്രാപ്പോലീത്താ, പത്തനംതിട്ട രൂപത)

www.malankaralibrary.com



# മുഖക്കുറിമാനം

"പദയാത്ര ഇതാ തീർത്ഥാടനമല്ലോ പെരുന്നാട്ടിൽ നിന്നും പട്ടം വരെ പോകുക നമ്മൾ, ലക്ഷ്യം കബറിടമല്ലോ"

ഒരു പുണ്യ താതന്റെ സ്മരണകളെ ദീപ്തമാക്കി ഓർമ്മപ്പെരുന്നാളിന്റെ അർത്ഥതലങ്ങൾ ഓരോ മലങ്കര ക്കാരുടെയും ഉള്ളിൽ ശംഖുലി തീർക്കുന്ന അർത്ഥവത്തായ വരികൾ. 'ജൂലൈ 15' ഇടനെഞ്ചിൽ തിടമ്പേറ്റുന്ന നന്മ യുള്ള ഒരു പുണ്യ ദിനം. സ്വർഗം ഭൂമിക്ക് സമ്മാനിച്ച അമൂല്യനിധിയായ മാർ ഈവാനിയോസ് പുണ്യതാതൻ തിരികെ തന്റെ അപ്പന്റെ ഇട നെഞ്ചിലേക്ക് ചേക്കേറിയ അനുഗ്രഹീത ദിനം. ഈ പുണ്യജന്മം ഒരു പുറപ്പാടായിരുന്നു. മുണ്ടൻ മലയിലെ മണ്ണിന്റെ മണമുള്ള സന്യാസ ജീവിതം കരുപ്പിടിപ്പിച്ച ആത്മീയ ജീവിതശൈലിയുടെ പിൻബലത്തിൽ ദൈവാ നുഭവത്തിന്റെ നിറവിൽ ഐക്യത്തിന്റെ പ്രവാചകനാകുവാനുള്ള പുറപ്പാട്. അസമാധാനത്തിന്റെ ഊഷര ഭൂമിയിൽ നിന്നും സമാധാനത്തിന്റെ കാലൊച്ചയുമായി കടന്നുവന്ന് ഭാരത സഭയുടെ ചരിത്രത്തിലും, ആഗോള കത്തോലിക്കാ സഭയുടെ ചരിത്രത്തിലും സ്വർണ്ണ ലിപികൾ കൊണ്ട് ആലേഖനം ചെയ്യപ്പെട്ട നാമം. മാർ ഈവാനിയോസ് എന്ന പുണ്യനാമം. മലങ്കരയ്ക്ക് വെറും ഒരു പേരോ, വ്യക്തിയോ അല്ല, അത് മലങ്കര മക്കളുടെ അഭിമാനവും, വികാരവും ആണ്. അതുകൊണ്ടാണ് വിശുദ്ധിയുടെ പനിനീർ പുഷ്പങ്ങൾ വിരിയുന്ന ആ പുണ്യതാതന്റെ വിശ്രമ കൂടാരമായ പട്ടത്തെ കബറിങ്കലേക്ക് നിഷ്പാദുകരായി, കാഷായ വസ്ത്രധാരികളായി ഒരു തീർത്ഥാടന പദയാത്ര ഒഴുകിയെ ത്തുന്നത്. നെഞ്ചുരുക്കങ്ങളുടെ നടുവിൽ ദൈവത്തിൽ ആശ്രയിച്ച് ജീവിതം കരുപ്പിടിപ്പിച്ച ആബോ ഗീവർഗീസ് എന്ന ബഥനിയുടെ സന്യാസ ശ്രേഷ്ഠൻ മലങ്കരയുടെ മാർ ഈവാനിയോസ് ആയപ്പോൾ കൂടെ കൂട്ടിയ സന്യാസ ത്തിന്റെ കാർക്കശ്യവും, ചിട്ടയും, അച്ചടക്കവും പ്രതീക്ഷയറ്റ അനേകർക്ക് പ്രതീക്ഷയേകുന്ന ജീവിതസാക്ഷ്യമായി നിലനിൽക്കുന്നു. കബറിടം മുത്തി അനുഗ്രഹം പ്രാപിച്ച് അനേകർ തങ്ങളുടെ ഭവനങ്ങളിലേക്ക് മടങ്ങിപ്പോരുന്നു. ദൈവ സേവനത്തെക്കാൾ ദൈവസമ്പാദനത്തിന് പ്രാധാന്യം കൊടുത്തവന്റെ കബറിടം അനുഗ്രഹത്തിന്റെ വഴികൾ തുറക്കുന്നത് പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളിൽ നമ്മൾ അനുഭവിച്ചറിയുന്നു.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥതയിൽ അനേകർക്ക് ലഭിച്ച അനുഗ്രഹങ്ങളു ടെയും, തീർത്ഥാടന പദയാത്ര അനുഭവങ്ങളുടെയും ഒരു പതിപ്പ് കഴിഞ്ഞ 5 വർഷമായി എം.സി.വൈ.എം. പത്തനം തിട്ട ഭദ്രാസന സമിതി **നുഹറോ ദ് മലങ്കര** എന്ന പേരിൽ പുറത്തിറക്കാറുണ്ട്. പ്രസ്തുത പുസ്തകത്തിന്റെ 6-ാം പതിപ്പ് ഈ വർഷവും പുറത്തിറക്കാൻ ദൈവ തിരുമനസാൽ യുവജന സഭയ്ക്ക് കഴിഞ്ഞിരിക്കുന്നു. മലങ്കരയുടെ മഹാരഥന്റെ മധ്യസ്ഥതയിൽ അനേകർക്ക് ദൈവസന്നിധിയിൽ നിന്ന് ഒട്ടനവധി അനുഗ്രഹങ്ങളും, ജീവിതാനുഭവ ങ്ങളും തീർത്ഥാടന പദയാത്ര വഴിയായി ലഭിച്ചതിന്റെ ഒരു ചെറിയ രേഖപ്പെടുത്തൽ മാത്രമാണ് ഈ പുസ്തകത്താ ളുകൾ തുറക്കുമ്പോൾ നമുക്ക് ദർശിക്കാൻ സാധിക്കുക. കാരണം ആ വിശുദ്ധ ജീവിതത്തിൽക്കൂടി ലഭിച്ച അനുഗ്ര ഹങ്ങൾ ഈ ചെറിയ പുസ്തകത്താളുകളിൽ ഉൾക്കൊള്ളിക്കാൻ കഴിയുന്നതിലും അപ്പുറമാണെന്നുള്ള യാഥാർത്ഥ്യം ഓരോ മലങ്കര മക്കൾക്കും അനുഭവവേദ്യമായതാണ്. ഈ പുസ്തകത്തിൽക്കൂടി ആ വിശുദ്ധ ജീവിതം അനേകരിലേക്ക് എത്തട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നമുക്ക് നടന്ന് തുടങ്ങാം ലാളിത്യത്തിന്റെ കാഷായ വസ്ത്രവും ധരിച്ചുകൊണ്ട്, ഹൃദയത്തിന്റെ അഗധാ രിൽ ദൈവ സ്തുതികളും ഉരുവിട്ടുകൊണ്ട് ജൂലൈ 10 ന് റാന്നി പെരുന്നാട്ടിലെ മുണ്ടൻ മലയിൽ നിന്ന് അനന്തപുരി യുടെ വിരിമാറിൽ അനേകർക്ക് അഭയസ്ഥാനമായുള്ള ആ പുണ്യ താതന്റെ കബറിടത്തിലേക്ക്, വിശുദ്ധിയുടെ ആ ജീവിതത്തിലേക്ക്.

നമുക്ക് പോകണ്ടേ ആ കബറിടം വരെ........ നമുക്കും ഏറ്റു പാടണ്ടേ.... പദയാത്ര ഇതാ, തീർത്ഥാടന മല്ലോ....... നന്മയുള്ള ഒരു ഓർമ്മ തിരുനാൾ മാസം കൂടി ഏവർക്കും നേർന്നുകൊണ്ട് ഈ അനുഭവസാക്ഷ്യങ്ങളുടെ നേർ പുസ്തകം നിങ്ങൾക്കായി സമർപ്പിക്കുന്നു.

**എം സി വൈ എം പത്തനംതിട്ട ഭദ്രാസന സമിതി 2022-2023**

www.malankaralibrary.com





**ആശംസ**

**റവ. ഫാ. ജോബ് പതാലിൽ**
(ഡയറക്ടർ, എം.സി.വൈ.എം.
പത്തനംതിട്ട ഭദ്രാസനം)

# അനുഗ്രഹം ഉറങ്ങുന്ന കബറിലേക്ക് ഒരു തീർത്ഥാടനം

ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ഭൗതിക ശരീരം സ്ഥിതിചെയ്യുന്ന കബർ ലക്ഷ്യമാക്കി അനേകായിരങ്ങൾ റാന്നി പെരുന്നാട് കുരിശുമലയിൽ നിന്നും പ്രാർത്ഥനാമഞ്ജരികളോടെ അണിചേരുന്ന പുണ്യദിനങ്ങളാണ് ജൂലൈ മാസത്തിലേത്. കഴിഞ്ഞ 70 വർഷക്കാലം ഈ പുണ്യദേഹം മലങ്കരയ്ക്ക് ദൈവസന്നിധിയിൽ നിന്ന് അനുഗ്രഹങ്ങൾ വാരി വിതറി. കഴിഞ്ഞ 42 വർഷങ്ങളിൽ നടത്തപ്പെട്ട തീർത്ഥാടന പദയാത്രയിൽ അണിചേർന്ന്, പിതാവിന്റെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിച്ച, അനേകരുടെ അനുഭവ കുറിപ്പുകളാണ് **നുഹ്റോ ദ് മലങ്കര** എന്ന പേരിൽ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനം അനുവാചകരിലേക്ക് എത്തിക്കുന്നത്. ദൈവദാസന്റെ പുണ്യ ജീവിതത്തിന്റെ പരിമളം അനേകരിലേക്ക് എത്തിക്കുവാനും ആ വിശുദ്ധിയിൽ പങ്കാളികളായി ജീവിതത്തിന്റെ പ്രതികൂല സന്ധികളിൽ ദൈവത്തിന്റെ കരുതലും അനുഗ്രഹവും പ്രാപിക്കാനും ഇടയാകട്ടെ എന്ന പ്രാർത്ഥനയോടെ നുഹ്റോ ദ് മലങ്കരയ്ക്ക് എല്ലാ ഭാവുകങ്ങളും ആശംസകളും നേരുന്നു.

www.malankaralibrary.com





# ആശംസ

**സിസ്റ്റർ ജൊവാൻ SIC**
(സിസ്റ്റർ ആനിമേറ്റർ,
എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനം)

**"ദൈവ സേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം"**

**ദൈവദാസൻ മാർ ഈവാനിയോസ്**

ജൂലൈ മാസം മലങ്കര സഭാമക്കളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട മാസങ്ങളിൽ ഒന്നാണ്. നമ്മുടെ പുണ്യപിതാവായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ കൂടുതൽ ഓർക്കുന്നതും വന്ദ്യ പിതാവിന്റെ മദ്ധ്യസ്ഥ്യം യാചിച്ച് പ്രാർത്ഥിക്കുന്നതും. മലങ്കര കത്തോലിക്കാ സഭയുടെ പിള്ള ത്തൊട്ടിലായ പെരുന്നാട്ടിൽ നിന്നും ദൈവദാസൻ മാർ ഈവാനിയോസ് പിതാ വിന്റെ കബറിടം ലക്ഷ്യമാക്കി പദയാത്രയായി പോകുന്നതും ജൂലൈ മാസത്തി ലാണ്. വന്ദ്യ പിതാവിന്റെ മദ്ധ്യസ്ഥ ശക്തി അനുദിനം അനുഭവിക്കുന്നവരാണ് നാമോരോരുത്തരും. കോവിഡ് മൂലം മുടങ്ങിക്കിടന്ന പദയാത്ര നാം പുനരാരം ഭിക്കുന്നത് വളരെ അനുഗ്രഹപ്രദമാണ്. മാർ ഈവാനിയോസ് പിതാവിന്റെ മദ്ധ്യസ്ഥ ശക്തി കൂടുതൽ അനുഭവവേദ്യമാക്കാൻ ഈ അവസരം നാം ഉപയോ ഗിക്കണം. **'നുഹ്റോ ദ് മലങ്കര'** എന്ന ഈ പുസ്തകത്തിൽ വന്ദ്യ പിതാവിൽ നിന്നും ലഭിച്ച അനുഗ്രഹങ്ങൾ സഭാമക്കൾ സാക്ഷ്യപ്പെടുത്തുന്നത് അനേ കർക്ക് പ്രചോദനമാകട്ടെ എന്ന് പ്രത്യേകം ആശംസിക്കുന്നു. വന്ദ്യ പിതാവിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്താൻ സർവ്വശക്തനായ ദൈവം തമ്പുരാൻ കനി യട്ടെയെന്നും പ്രത്യേകം പ്രാർത്ഥിക്കുന്നതോടൊപ്പം ഈ പുസ്തകത്തിന് എല്ലാ വിധ ആശംസകളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു.

www.malankaralibrary.com





## ആശംസ

**അജോഷ് എം. തോമസ്**
(പ്രസിഡന്റ്, എം.സി.വൈ.എം.
പത്തനംതിട്ട ഭദ്രാസനം)

# മലങ്കരയുടെ ഗിരിദീപം

സത്യത്തെ പുൽകുവാൻ സർവ്വതും ഉപേക്ഷിച്ച മഹാ പരിത്യാഗി.... അന്ധകാരത്തിന്റെ കൂരിരുട്ടിൽ നിന്നും പ്രത്യാശയുടെ പുതുവെളിച്ചത്തിലേക്ക് മലങ്കര മക്കളെ കൈപിടിച്ചു നടത്തിയ മഹാചാര്യൻ.... ക്രിസ്തു പ്രാർത്ഥിച്ചതുപോലെ 'അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും, അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.' (യോഹന്നാൻ 17:21) എല്ലാവരും ഒന്നാകുവാൻ സർവ്വവും വിട്ടെറിഞ്ഞ താതൻ..... അങ്ങനെ പലവിധ വിശേഷണങ്ങളാൽ പ്രശോഭിതനായ മലങ്കരയുടെ സൂര്യ തേജസ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ എഴുപതാമത് ഓർമ്മപ്പെരുന്നാളിനോട് ചേർന്ന് 43-ാം തീർത്ഥാടന പദയാത്ര നടത്തുകയാണല്ലോ....

ഓരോ പദയാത്രകളും അനുഭവങ്ങളാൽ സമ്പുഷ്ടമാണ്. ചിലതെല്ലാം കാലങ്ങൾ കഴിഞ്ഞാലും ഓർമ്മയിൽ നിലനിൽക്കും. പദയാത്രയിൽ നിന്നു ലഭിക്കുന്ന അരൂപിയും ചൈതന്യവും ആണ് ഓരോ പദയാത്രികനെയും 5 ദിവസം മഴയും വെയിലും ഏറ്റു നടക്കുവാൻ പ്രേരിപ്പിക്കുന്നത്. അതുപോലെ തന്നെ അടുത്ത വർഷത്തെ പദയാത്രയ്ക്ക് വേണ്ടി കാത്തിരിക്കുവാൻ പ്രേരിപ്പിക്കുന്നതും. കഴിഞ്ഞ 5 വർഷങ്ങളായി എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി പുറത്തിറക്കുന്ന പദയാത്ര അനുഭവ കുറിപ്പുകൾ **നുഹ്റോ ദ് മലങ്കര** നമ്മിലെ വിശ്വാസത്തെ കൂടുതൽ ഊട്ടി ഉറപ്പിക്കുവാനും അനേകരെ വിശ്വാസത്തിൽ വളർത്തുവാനും സഹായിക്കുന്നു. മാർ ഈവാനിയോസ് പിതാവ് അനേകരുടെ ജീവിതയാത്രയിൽ വെളിച്ചമായി തീർന്നതിന്റെ അനുഭവങ്ങളുടെ ഒരു ചെറിയ പതിപ്പ് ആണ് പ്രസ്തുത പേരിൽ യുവജന സഭ പുറത്തിറക്കുന്നത്. ദൈവകൃപയാൽ ഈ വർഷം നുഹറോ ദ മലങ്കരയുടെ 6-ാം പതിപ്പ് പുറത്തിറക്കാൻ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിക്ക് കഴിഞ്ഞിരിക്കുകയാണ്. ഈ ചെറുപുസ്തകത്തിലൂടെ മലങ്കരയുടെ മഹാരഥൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് അനേകർക്ക് ജീവിതയാത്രയിൽ പ്രകാശമായി തീരട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്, എല്ലാവിധ ആശംസകളും നേരുന്നു.

www.malankaralibrary.com





## ആശംസ

**ബിബിൻ എബ്രഹാം**
(ജനറൽ സെക്രട്ടറി, എം.സി.വൈ.എം.
പത്തനംതിട്ട ഭദ്രാസനം)

# നമുക്ക് നടന്ന് തുടങ്ങാം റാന്നി-പെരുന്നാട്ടിൽ നിന്ന് അനുഗ്രഹങ്ങളുടെ കലവറയിലേക്ക്


ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 70-ാം ഓർമ്മപ്പെരുന്നാളിന് മലങ്കര സുറിയാനി കത്തോലിക്ക സഭ ഒരുങ്ങുന്ന പുണ്യ ദിനങ്ങളിലൂടെയാണ് നാം കടന്ന് പോകുന്നത്. 'ഒരു ഇടയനും ഒരു തൊഴുത്തും ആകുവാൻ' പുനരൈക്യം എന്ന മഹാസത്യത്തെ പുൽകിയ കാലത്തിന്റെ കർമ്മയോഗി ദൈവ ദാസൻ മാർ ഈവാനിയോസ് പിതാവ്. എല്ലാം ഉപേക്ഷിച്ച് ക്രിസ്തുവിൽ മാത്രം ആശ്രയം അർപ്പിച്ചു കൊണ്ട് തന്റെ ജീവിതത്തിലൂടെ അനേകർക്ക് ക്രിസ്തുവിനെ പകർന്ന് നൽകിയ വിശുദ്ധ താരകം. പമ്പയാറിന്റെ പൊന്നോളങ്ങൾ തഴുകി വരുന്ന റാന്നി-പെരുന്നാട്ടിലെ മുണ്ടൻ മലയിൽ നിന്ന് ആ കർമ്മയോഗി നടന്ന് തുട ങ്ങിയത് നാം ഇന്ന് അംഗമായിരിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ താലന്ത് ഈ ലോക ത്തിന് നൽകുവാനും അതിലൂടെ അനേകർക്ക് ക്രിസ്തുവിനെ പകർന്ന് നൽകുവാനുമാണ്. മാർ ഈവാ നിയോസ് പിതാവ് മുന്നമേ കണ്ട വിശ്വാസ പ്രഘോഷണത്തിന്റെ മകുടോദാഹരണമാണ് 1930 സെപ്റ്റംബർ 20 ന് കൊല്ലം അരമന ചാപ്പലിൽ നടന്ന ആഗോള കത്തോലിക്ക സഭയിലേക്കുള്ള കൂടിവരവ്. അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു സഭാക്കൂട്ടായ്മയായി മലങ്കര സുറിയാനി കത്തോലിക്ക സഭ ഇന്ന് മാറിയെ ങ്കിൽ ആ പുണ്യതാതൻ തന്റെ ഇഹലോക ജീവിതകാലത്തും, ഇപ്പോൾ സ്വർഗത്തിൽ ആയിരുന്നു കൊണ്ടും യേശുനാഥന് മുന്നിൽ മാധ്യസ്ഥത വഹിക്കുന്നത് ഒന്നുക്കൊണ്ട് മാത്രം. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ഒട്ടനവധി ജീവിതങ്ങൾക്കാണ് വെളിച്ചമേകിയത്. അതുകൊണ്ട് തന്നെയാണ് ആ പുണ്യ നാഥന്റെ ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനം നടത്തുന്ന തീർത്ഥാടന പദയാത്രയിലെ വിശ്വാസ പങ്കാളിത്തം. കഴിഞ്ഞ 42 വർഷമായി അനേകർക്ക് അന വധിയായ അനുഗ്രഹങ്ങൾക്ക് കാരണമായി തീർന്നിട്ടുണ്ട് ഈ പദയാത്ര.

വീണ്ടും പദയാത്രാ ദിനങ്ങൾ നമ്മിലേക്ക് എത്തുമ്പോൾ നമുക്ക് ഏറെ ആവേശമാണ്, കാൽനട യായി റാന്നി-പെരുന്നാട്ടിൽ നിന്ന് ആ പുണ്യ താതന്റെ പൂജ്യ ശരീരം അന്ത്യവിശ്രമം കൊള്ളുന്ന അനന്തപു രിയിലെ പട്ടം സെന്റ് മേരീസ് കത്തീഡ്രലിലെ ആ കബറിടത്തിൽ എത്തി പ്രാർത്ഥിക്കുവാൻ. കോവിഡ് എന്ന മഹാമാരിക്ക് ശേഷം വീണ്ടും തീർത്ഥാടന പദയാത്ര പുനരാരംഭിക്കുമ്പോൾ അത് വീണ്ടും നമ്മുടെ ജീവിതയാത്രയുടെ ഭാഗം തന്നെ എന്ന് നമ്മെ ഓർമ്മപ്പെടുത്തുകയാണ്. കാഷായ വസ്ത്രധാരികളായി, പ്രാർത്ഥനാ സ്തുതികളും അധരത്തിൽ ഉരിവിട്ടുകൊണ്ട് ആ പുണ്യതാതനിൽ തന്നെ സ്വയം സമർപ്പിച്ചു നടന്ന അനേകർക്ക് ലഭിച്ച അനുഗ്രഹങ്ങളുടെ ഒരു എളിയ രേഖപ്പെടുത്തൽ ആണ് **നുഹറോ ദ് മലങ്കര** എന്ന ഈ പുസ്തകം. എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ കഴിഞ്ഞ 5 വർഷമായി പുറത്തിറക്കുന്ന ഈവാനിയൻ പദയാത്ര അനുഭവക്കുറിപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ജീവിതവിശുദ്ധി അനേകർക്ക് ദർശിക്കുവാനുള്ള ഒരു ഏടായി നിലനിൽക്കുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിലൂടെ ലഭിച്ച അനുഗ്രഹങ്ങൾ ഇതിൽ ഉൾക്കൊള്ളിക്കാൻ കഴിയുന്നതിലും അപ്പു റമാണ് എന്ന ഉത്തമ ബോധ്യത്തിൽ ആണ് ഈവാനിയൻ അനുഭവങ്ങളുടെ ഈ അക്ഷരചെപ്പ് നിങ്ങൾ ക്കായി സമർപ്പിക്കുന്നത്. നുഹറോ ദ് മലങ്കര വായിക്കുന്ന എല്ലാവർക്കും ദൈവദാസൻ മാർ ഈവാനി യോസ് പിതാവ് ഒരു പ്രചോദനവും ആ വിശുദ്ധ ജീവിതം അനുകരണീയവുമായി തീരട്ടെയെന്നും പ്രാർ ത്ഥിക്കുന്നു. വീണ്ടും ഒരു പദയാത്ര ദിനങ്ങൾ ഇങ്ങ് എത്തുമ്പോൾ ഒന്ന് മാത്രമേ പറയുവാനുള്ളു നമുക്ക് നടന്ന് തുടങ്ങാം റാന്നി-പെരുന്നാട്ടിൽ നിന്ന് നമ്മുടെ അനുഗ്രഹങ്ങളുടെ കലവറയിലേക്ക്.

www.malankaralibrary.com



# തീർത്ഥാടന പദയാത്ര ത്യാഗത്തിന്റെ വഴിയിലൂടെ



**മോൺ. തോമസ് കയ്യാലയ്ക്കൽ**
(വികാരി ജനറാൾ,
തിരുവനന്തപുരം മേജർ അതിഭദ്രാസനം)

കോവിഡിന്റെ പ്രത്യേകമായ സാഹചര്യത്തിൽ മൂന്നു വർഷമായി മുടങ്ങിയിരുന്ന ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ കബറിങ്കലേക്കുള്ള തീർത്ഥാടന പദയാത്ര ഈ വർഷം പുനരാരംഭിക്കുകയാണ്.

തീർത്ഥാടനം അല്ലെങ്കിൽ പദയാത്ര എന്നു പറയുന്നത് നമ്മുടെ പൗരസ്ത്യ പാരമ്പര്യത്തിലും അതുപോലെ ഭാരതീയ സംസ്കാരത്തിലും ഒരു ആദ്ധ്യാത്മീക സമീപനമാണ്. പുണ്യസങ്കേതത്തിലേക്ക് കാൽനടയായി നടന്ന് പ്രാർത്ഥനയോടുകൂടി ആ സ്ഥലങ്ങളിൽ എത്തിച്ചേരുക എന്നത് ഒരു നേർച്ചയായും ജീവിത സുകൃതവുമായൊക്കെയായി കരുതുന്ന ഒരു ഭാരതീയ പശ്ചാത്തലമുണ്ട്. പൗരസ്ത്യ ക്രിസ്തീയ സമീപനത്തിലും പിതാക്കന്മാർ കബറടങ്ങിയ പുണ്യ സങ്കേതങ്ങളിലേക്കുള്ള തീർത്ഥാടന യാത്രയ്ക്ക് പ്രത്യേകമായ മാനങ്ങളുണ്ട്.

കഴിഞ്ഞ കുറേ വർഷമായി ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ കബറിങ്കലേക്ക് നടത്തുന്ന തീർത്ഥാടന പദയാത്രയിൽ പങ്കെടുക്കാൻ വലിയ ഭാഗ്യം ലഭിച്ച പുരോഹിതനാണ് ഞാൻ. ആയിരക്കണക്കിന് മനുഷ്യരോടൊപ്പം ചേർന്നു നടക്കാനും അവരുടെ പ്രാർത്ഥന നിയോഗങ്ങളോട് ചേർന്ന് പ്രാർത്ഥിക്കാനും എനിക്ക് സാധിച്ചിട്ടുണ്ട്. ഇത്രയും ആധുനികമായ യാത്രാസൗകര്യങ്ങൾ ഉള്ളപ്പോൾ 125-ൽ അധികം കിലോമീറ്ററുകൾ എന്തിനാണ് കാൽനടയായി ഇത്രയും മനുഷ്യർ നടക്കുന്നത്. അതൊരു ത്യാഗമാണ്. കുരിശിന്റെ വഴി എന്നത് നമുക്ക് മാറ്റി വയ്ക്കാനോ മറച്ചു വയ്ക്കാനോ സാധ്യമല്ല. ഈ വഴിയിൽ ത്യാഗവും വേദനയുമുണ്ട്. ദൈവദാസനായ മാർ ഈവാനിയോസ് തിരുമേനി ശുശ്രൂഷ ആരംഭിച്ച സ്ഥലം മുതൽ പിതാവ് നടന്ന വഴികളിലൂടെ നടന്ന് ആ ക്രിസ്തു മാർഗ്ഗത്തിൽ ത്യാഗത്തോടെ ശാരീരികമായി നാം പങ്കുചേരുന്നു. ഈ ത്യാഗം ചെയ്യുമ്പോഴേ പദയാത്രയ്ക്ക് അർത്ഥമുള്ളൂ. ഇതാണ് പദയാത്രയുടെ ആത്മീയത എന്ന് ഞാൻ വിചാരിക്കുന്നു. വള്ളികുരിശിന്റെ പിന്നാലെ ആ കുരിശിനെ നോക്കി ത്യാഗപൂർവ്വം ഇത്രയും ദൂരം നാം നടക്കുന്നതിന്റെ അർത്ഥം അതാണ്.

കണ്ണുനീരോടും വേദനയോടും കൂടിയുള്ള പ്രാർത്ഥനകൾക്ക് ദൈവതിരുമുമ്പിൽ നീതികരണമുണ്ട് എന്ന ബോധ്യത്തിലാണ് ഇതൊരു പദയാത്രയായി സംഘടിപ്പിക്കുന്നത്. ഇത് നമ്മുടെ ആളുകൾക്ക് ബോധ്യപ്പെടുന്നതുകൊണ്ടാണ് ഓരോ വർഷം കഴിയുംതോറും നമ്മുടെ പദയാത്രയിൽ ആളുകളുടെ എണ്ണം വർദ്ധിക്കുന്നത്. നമ്മുടെ യാത്രാസൗകര്യങ്ങൾ വർദ്ധിക്കുന്നു എന്നാൽ ത്യാഗം എടുത്ത് ഇത്രയും ദൂരം നടക്കാൻ ആളുകൾ പ്രത്യേകിച്ച് യുവജനങ്ങൾ വർദ്ധിക്കുന്നത് എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. അവരുടെ ആത്മീയ സമീപനം മാറുന്നു.

ഈ വർഷം തീർത്ഥാടന പദയാത്രയിൽ പങ്കെടുക്കുന്ന എല്ലാവർക്കും പ്രാർത്ഥനാ ശുശ്രൂഷ അറിയിക്കുന്നു. പദയാത്രയുടെ ആത്മീയത ഉൾക്കൊണ്ട് അതിൽ പങ്കെടുക്കാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



www.malankaralibrary.com





# എന്റെ ജീവിത യാത്രയിൽ ഈവാനിയോസ് പിതാവും തീർത്ഥാടന പദയാത്രയും

റവ.ഫാ. ജോഷ്വാ കുറ്റിയിൽ OIC

മാർ ഈവാനിയോസ് തിരുമേനിയുടെ എഴുപതാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് മലങ്കര സഭയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ജൂലൈ മാസം ദൈവദാസന്റെ കബറിലേക്കുള്ള തീർത്ഥാടന പദയാത്ര ആരംഭിക്കുമ്പോൾ, നീണ്ട 33 വർഷക്കാലം ഒരു പദയാത്രികൻ എന്ന നിലയിൽ എന്റെ ജീവിതത്തിൽ ഉണ്ടായ അനുഗ്രഹങ്ങളെയും ദൈവാനുഭവങ്ങളെയും ഓർത്തെടുക്കുകയാണ് ഈ നിമിഷം.

എന്റെ ചെറുപ്പകാലത്ത് മാതാപിതാക്കൾ, ഇടവക വികാരിമാർ, ബഥനി സിസ്റ്റേഴ്സ് എന്നിവരിൽ നിന്ന് എല്ലാം മാർ ഈവാനിയോസ് പിതാവിനെപ്പറ്റി കൂടുതൽ അറിയുവാൻ സാധിച്ചു. അതിൽക്കൂടി അദ്ദേഹത്തിന്റെ ജീവിതം കൂടുതൽ പഠന വിഷയമാക്കാനും എനിക്ക് കഴിഞ്ഞിട്ടുണ്ട്. ബഥനി ആശ്രമത്തിൽ ചേരുന്നതിന് മുമ്പ് തന്നെ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥതയിൽ ഒട്ടേറെ അനുഗ്രഹങ്ങൾ എനിക്ക് ലഭിച്ചിട്ടുണ്ട്.1977 കാലഘട്ടത്തിൽ എന്റെ മാതാവിന് ഒരു രോഗം വരികയും ഓപ്പറേഷൻ വേണം എന്ന് ഡോക്ടർമാർ ആവശ്യപ്പെടുകയും ചെയ്തു. ബഥനി മഠത്തിലെ സിസ്റ്റേഴ്സ് ഈവാനിയോസ് പിതാവിന്റെ കബറിടത്തിൽ പോയി പ്രാർത്ഥിക്കുവാൻ എന്നോട് ആവശ്യപ്പെട്ടു. അന്ന് അവിടെ വരെ പോകാനുള്ള സാഹചര്യം എനിക്കും കുടുംബത്തിനും ഇല്ലാതിരുന്നതുകൊണ്ട് ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് കബറിടത്തിൽ പോയി എന്റെ മാതാവിന് വേണ്ടി പ്രാർത്ഥിക്കുകയും എന്റെ അമ്മയ്ക്ക് അങ്ങനെ രോഗമുക്തി ലഭിക്കുകയും ചെയ്തു.

1978 ഞാൻ ബഥനി ആശ്രമത്തിൽ ചേരുകയും, എനിക്കും എന്റെ കുടുംബത്തിനും ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിയായി ഞാൻ പിതാവിന്റെ കബറിലേക്ക് പോവുകയും പ്രാർത്ഥിക്കുകയും നേർച്ച കാഴ്ചകൾ അർപ്പിക്കുകയും ചെയ്തു. ഏതാണ്ട് അന്നുമുതൽ മുന്നോട്ടുള്ള ജീവിതത്തിൽ അനേകം അനുഗ്രഹങ്ങൾ പിതാവിന്റെ മധ്യസ്ഥതയിൽ എനിക്ക് ലഭിച്ചിട്ടുണ്ട്. ആശ്രമത്തിലേക്കുള്ള എന്റെ ദൈവവിളി തന്നെ മാർ ഈവാനിയോസ് തിരുമേനിയുടെ മാധ്യസ്ഥവും അനുഗ്രഹമാണെന്ന് ഞാൻ വിശ്വസിക്കുന്നു. 1985 – ൽ എന്റെ വൈദിക പരിശീലന കാലത്താണ് പിന്നീട് കബറിങ്കലേക്കു പോകുന്നത്. ശേഷം 1989 ജൂലൈ മാസവും തുടർന്ന് വൈദികനായതിനു ശേഷം 1990 മുതൽ പിതാവിന്റെ കബറിലേക്ക് മുടക്കമില്ലാതെ ഞാൻ പദയാത്രയായി കടന്ന്ചെന്നിട്ടുണ്ട്. 1992 കാലഘട്ടത്തിൽ തിരുവല്ല അതിരൂപതയിൽ നിന്ന് ഒരു പദയാത്രയ്ക്ക് നേതൃത്വം നൽകുവാൻ ദൈവ തിരുമനസ്സാൽ എനിക്ക് സാധിച്ചു.അന്ന് അനേകം പ്രതിസന്ധികൾ എനിക്ക് നേരിടേണ്ടതായി വന്നു, പ്രത്യേകിച്ച് കൊച്ചച്ചൻ ആയിരുന്ന ഒരു കാലം, സാമ്പത്തികമായും, ചെറിയ പ്രായത്തിൽ നേതൃത്വം ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്നതുമായ പ്രതിസന്ധികൾ എന്നെ ഏറെ വിഷമിപ്പിച്ചു. പക്ഷേ എല്ലാറ്റിനെയും മറികടന്ന് ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥതയാൽ അന്ന് ഞാൻ വികാരിയായിരുന്ന തിരുവൻവണ്ടൂർ, പാണ്ടനാട് ഇടവകകളിലെ ദൈവജനത്തെ ഉൾപ്പെടുത്തി തിരുവല്ല മേഖലയിലെ അല്മായ സുഹൃത്തുക്കളുടെയും എം.സി.വൈ.എം. അംഗങ്ങളുടെയും നേതൃത്വത്തിൽ പദയാത്രയ്ക്ക് തുടക്കം കുറിക്കുവാൻ സാധിച്ചു. അന്ന് ആ പദയാത്രയിൽ പങ്കെടുത്ത അനേകരുടെ അനുഗ്രഹ സാക്ഷ്യങ്ങൾ ഞാൻ നേരിൽ കണ്ട് അനുഭവിച്ചറിഞ്ഞു. അന്നുമുതൽ തുടർച്ചയായി 2019 വരെ പദയാത്രികനായി പോകാൻ എനിക്ക് സാധിച്ചു. അനേകർക്ക് ലഭിച്ച അനുഗ്രഹങ്ങൾ നേരിൽ ദർശിക്കുവാനും എനിക്ക് കഴിഞ്ഞു.ഞാൻ എവിടെയൊക്കെ സേവനമനുഷ്ഠിച്ചിട്ടുണ്ടോ,അവിടെയെല്ലാം മാർ ഈവാനിയോസ് പിതാവിനെ അനേകർക്ക് അറിയുവാൻ വേണ്ടി, ആ ജീവിത വിശുദ്ധി അനേകർക്ക് ജീവിതാനുഭവമാകുവാൻ മാർ ഈവാനിയോസ് അനുസ്മരണങ്ങൾ സംഘടിപ്പിക്കുകയും തീർത്ഥാടന പദയാത്രകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2004 പുത്തൂർ രൂപതയിലും തുടർന്ന് ഇന്നത്തെ മൂവാറ്റുപുഴ രൂപതയുടെ പല മേഖലകളിലും മാർ ഈവാനിയോസ് പിതാവിന്റെ നാമത്തിലുള്ള പദയാത്രകൾക്ക് തുടക്കം കുറിക്കുവാനും ദൈവം എന്നെ നിയോഗിച്ചു. അതുവഴി അനേകരുടെ ജീവിതത്തിൽ മാർ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥതയിൽ മിശിഹാ കർത്താവ് ഇടപെടുന്നത് കാണുവാനും എനിക്ക് സാധിച്ചു. കുഞ്ഞുങ്ങൾ ഇല്ലാത്ത ദമ്പതികൾക്ക് പിതാവിന്റെ മധ്യസ്ഥതയിൽ കുഞ്ഞുങ്ങളെ ലഭിക്കുകയുണ്ടായി. എന്റെ കുടുംബത്തിൽ തന്നെ എന്റെ സഹോദരിയുടെ മകൾക്ക് പിതാവിന്റെ മധ്യസ്ഥതയിൽ 10 വർഷത്തിനുശേഷം ഒരു കുഞ്ഞിനെ ലഭിക്കുകയും, ഇന്ന് രണ്ടു കുട്ടികളുടെ മാതാവ് എന്ന നല്ലൊരു സാക്ഷ്യമായി ആ മകൾ ജീവിക്കുകയും ചെയ്യുന്നു. സഹോദരി സഭകളിലെ ആളുകൾ പോലും ഈവാനിയോസ് തിരുമേനിയുടെ കബറിടത്തിൽ വന്ന് അനുഗ്രഹം പ്രാപിച്ചിട്ടുണ്ട്. മലങ്കര സഭയിൽ ഒട്ടനവധി ഈവാനിയൻ നാമധാരികളുണ്ട്, ആ കുഞ്ഞുങ്ങളെല്ലാം പിതാവിന്റെ മധ്യസ്ഥതയിൽ ലഭിച്ചവരാണ്.

www.malankaralibrary.com



തീർത്ഥാടന പദയാത്രയിൽ ഒപ്പം നടന്ന ഒട്ടനവധി പേർ ഉണ്ട്.ഈ അവസരത്തിൽ ആങ്ങമൂഴിയിലെ തങ്കമ്മ അമ്മച്ചിയെ പ്രത്യേകം ഓർക്കുന്നു. ആ മകൾ ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടുവെങ്കിലും, ആ കുടുംബത്തിന് ലഭിച്ച ദൈവവിളിക്കും, മറ്റെല്ലാ അനുഗ്രഹങ്ങൾക്കും നന്ദിയായി ആ മകൾ അനേകവർഷം പദയാത്രയായി പുണ്യപിതാവിന്റെ കബറിടത്തിലേക്ക് പോകുമായിരുന്നു. പിതാവിന്റെ മധ്യസ്ഥവഴി അനേകരോഗികൾക്ക് രോഗശാന്തി ലഭിച്ച അനുഭവം ഉണ്ടായിട്ടുണ്ട്. എന്റെ വ്യക്തിപരമായ ജീവിതത്തിലും ദൈവവിളിയിലും മറ്റു പ്രതിസന്ധികളിലും ശക്തി പകർന്നത് മാർ ഈവാനിയോസ് പിതാവാണ്. ഒത്തിരിയേറെ ആശ്വാസവും അനുഗ്രഹവും മാർ ഈവാനിയോസ് തിരുമേനിയിലൂടെ ലഭിച്ചിട്ടുണ്ട്.

വന്ദ്യ പിതാവിന്റെ എഴുപതാം ഓർമ്മ തിരുനാളിന്റെ ഈ അവസരത്തിൽ അവിടുത്തെ മാധ്യസ്ഥം കൂടുതൽ കൂടുതലായി യാചിക്കുകയും ദൈവദാസൻ എന്നതിൽ നിന്ന് അൾത്താരയിൽ വണങ്ങുന്ന വിശുദ്ധനായി അദ്ദേഹം ഉയരുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഏവരുടെയും മനസ്സിൽ ഈവാനിയോസ് പിതാവ് വിശുദ്ധൻ തന്നെ എന്ന് എന്റെ ജീവിത അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ എനിക്ക് സാക്ഷ്യം നൽകുവാൻ സാധിക്കും. മാർ ഈവാനിയോസ് തിരുമേനി വിശുദ്ധനാണ്, ആ വിശുദ്ധന്റെ പാദാന്ത്യകത്വത്തിൽ എന്നെ തന്നെ സമർപ്പിച്ചുകൊണ്ട്, നൽകിയ എല്ലാ അനുഗ്രഹങ്ങളെയും അയവിറക്കിക്കൊണ്ട് എഴുപതാം ഓർമ്മ തിരുനാളിനോട് അനുബന്ധിച്ചുള്ള ഈ പദയാത്രയിയിലും പിതാവിന്റെ മാധ്യസ്ഥം യാചിക്കുന്നു.



# എന്റെ ജീവിതത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ്

എയ്ഞ്ചൽ മേരി
(പ്രസിഡന്റ്, എം.സി.വൈ.എം. സഭാതല സമിതി)

ചരിത്രത്തിന്റെ താളുകളിൽ ഹൃദയസ്പർശിയായി തുളുമ്പി നിൽക്കുന്ന പുണ്യ പദയാത്ര. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് വേണ്ടി ഊടും പാവും നെയ്ത ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ എഴുപതാം ഓർമ്മ തിരുനാളിൽ നാം പ്രവേശിക്കുക ആണ്. കർമ്മം കൊണ്ട് അനുഗ്രഹീതമായ റാന്നി പെരുന്നാട്ടിൽ നിന്ന്, മൃതശരീരം വിശ്രമം കൊള്ളുന്ന പട്ടം കബറിടത്തിലേക്കുള്ള ഈ യാത്ര കഴിഞ്ഞ നാളുകളിൽ ആ പുണ്യപിതാവിലൂടെ നമുക്ക് ലഭിച്ച വലിയ അനുഗ്രഹത്തിന്റെ ഓർമ്മപ്പെടുത്തലും, ജീവിതത്തിൽ നാം പേറുന്ന നിയോഗങ്ങളുടെ വരുംകാല സാക്ഷാത്കാരവും ആണ്. നമ്മുടെ ഓരോരുത്തരുടെയും ആത്മീയ പിതാവ് എന്ന നിലയിൽ സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ട് മലങ്കര സഭയ്ക്ക് വേണ്ടി നിരന്തരം മാധ്യസ്ഥം യാചിക്കുന്ന പ്രിയ താതനെ ഓർക്കുമ്പോൾ, ഒരു സാധാരണ മനുഷ്യൻ എന്ന നിലയിൽ എന്റെ വ്യക്തിപരമായി ജീവിതത്തിൽ ആ അപ്പൻ നൽകിയ അനുഗ്രഹങ്ങൾ നിരവധിയാണ്. എന്റെ കൗമാര കാലഘട്ടം മുഴുവനും ഓരോ ദിവസവും ആരംഭിച്ചിരുന്നത് ആ കബറിൽ ചെന്ന് പ്രാർത്ഥിച്ചിട്ടായിരുന്നു. ഹൃദയത്തിൽ ഉറഞ്ഞു കിടക്കുന്ന കണ്ണുനീർ മുഴുവനും ഒരു പ്രാർത്ഥന പോലെ ആ കബറിന് മുൻപിൽ പറഞ്ഞവസാനിപ്പിക്കുമ്പോൾ, ആ കല്ലറയിൽ ശിരസുകൊണ്ട് ചുംബിക്കുമ്പോൾ, ഒരു അപ്പന്റെ സ്നേഹവും സാന്ത്വനവും ഒരു പരിധിയിൽ കൂടുതൽ അനുഭവിക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. ജീവിതത്തിന്റെ ഓരോ അവസ്ഥകളിലും, സന്തോഷങ്ങളിലും ആ കബറിൽ നിന്നാണ് പ്രാർത്ഥന തുടങ്ങുന്നത്. വന്ദ്യ പിതാവിനെ വിശുദ്ധനാക്കുന്ന നാമകരണ നടപടികളുടെ കാലഘട്ടത്തിൽ ആ പ്രക്രിയയിൽ പങ്കുചേരാൻ കഴിഞ്ഞ വലിയ ഭാഗ്യത്തെ ഞാൻ ഇന്നും നിധിപോലെ ഹൃദയത്തിൽ സൂക്ഷിക്കുന്നു. ചിലപ്പോഴെങ്കിലും തീരുമാനങ്ങൾ എടുക്കാൻ മാനുഷികമായി പറ്റാതെ വരാം അപ്പോഴൊക്കെയും ആ കബറിന്റെ മുൻപിൽ ഇരുന്നാണ് തീരുമാനങ്ങൾ പലതും എടുത്തിട്ടുള്ളത്. സാധിക്കില്ല എന്ന് ചിന്തിച്ചിട്ടുള്ള അനവധി നിരവധി ആഗ്രഹങ്ങളും ആവശ്യങ്ങളും ലഭിച്ചിട്ടുണ്ട്. അനേകരുടെ തീർത്ഥാടന യാത്രകൾ ഒരു സുകൃതം പോലെ പരിമളം പരുത്തുന്ന ആ കബറിടത്തിൽ ക്രിസ്തുവിന്റെ ചാരെയിരുന്ന് നമ്മളെ ഓരോരുത്തരെയും പ്രത്യേകമായി സമർപ്പിച്ച് ആ പിതാവ് പ്രാർത്ഥിക്കുന്നു. ഈ ഓർമ്മതിരുനാളിലും നിയോഗങ്ങളും പ്രാർത്ഥനകളും പേറി വീണ്ടും ആ പദയാത്രയിൽ പങ്കുകാരാകാം. ലോകം മുഴുവനും വെല്ലുവിളികളിലൂടെ നടന്നു നീങ്ങുമ്പോൾ നടന്നുവരുന്ന വഴിത്താരകളിൽ ക്രിസ്തുവിനെ കൊടുത്തുകൊണ്ട് ലോകത്തിന് മുഴുവനും വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ആ പദയാത്ര ഒരു സുകൃതം ആക്കി മാറ്റാം. വന്ദ്യ പിതാവായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവേ, ഞങ്ങൾക്കുവേണ്ടി സ്വർഗത്തിൽ ആയിരുന്നു കൊണ്ട് മധ്യസ്ഥം യാചിക്കണമേ എന്ന് ഉച്ചസ്വരത്തിൽ നമുക്ക് പ്രാർത്ഥിക്കാം..

www.malankaralibrary.com





# അനുഗ്രഹമാരി പെയ്തിറങ്ങുന്ന മഹാപദയാത്ര

സജി വർഗീസ് കൊക്കാത്തോട്
(മുൻ പ്രസിഡന്റ്, എം.സി.വൈ.എം. കോന്നി വൈദീക ജില്ല)

കോവിഡ് മഹാമാരിയുടെ കെടുതികൾക്കിപ്പുറം ഈവാനിയൻ പദയാത്ര പുനരാരംഭിക്കുന്നു എന്നത് അതിയായ ആഹ്ലാദം പകരുന്നു. കഴിഞ്ഞ ഒരു പതിറ്റാണ്ടിലധികം കാലം പദയാത്രയിൽ മുഴുവൻ സമയം പങ്കെടുക്കാൻ ഭാഗ്യം ലഭിച്ച ഒരു വ്യക്തി എന്ന നിലയിൽ കൂടുതൽ പ്രത്യാശയോട് കൂടിയാണ് ഈവാനിയൻ പദയാത്രയെ നോക്കി കാണുന്നത്. കാഷായ വസ്ത്രധാരികളായി പ്രാർത്ഥനാമന്ത്രങ്ങൾ ഉരുവിട്ടുകൊണ്ട് സ്വയം നിയന്ത്രിതമായ അച്ചടക്കത്തോടെ നാനാദിക്കുകളിൽ നിന്നും എത്തിച്ചേരുന്ന പദയാത്രികർ, ദിവസങ്ങൾ കഴിഞ്ഞ് ഒരു മഹാപദയാത്രയായി പരിണമിക്കുമ്പോൾ, വിശ്വാസ തീക്ഷ്ണതയുടെ ഒരു മഹാസാഗരത്തിൽ അകപ്പെട്ട പ്രതീതിയാണ് എനിക്ക് അനുഭവപ്പെടാറുള്ളത്. ആദ്യകാലത്ത് പ്രത്യേക നിയോഗങ്ങൾ ഒന്നും തന്നെ ഇല്ലാതെ പദയാത്രയോടൊപ്പം നടന്ന് തുടങ്ങിയ എനിക്ക് അത്ഭുതസാക്ഷ്യങ്ങളുടെ ഒരു വലിയ വൃന്ദത്തെയാണ് ഓരോ വർഷവും കാണാൻ കഴിഞ്ഞത്. സഹയാത്രികരായി സ്വന്തം നാട്ടിൽ നിന്നും ഒപ്പം കൂടിയവർ, സുഹൃത്തുക്കൾ, പരിചയക്കാർ എന്നിങ്ങനെ വിവിധ തലങ്ങളിൽപ്പെട്ട പലരുടെയും ജീവിതത്തിൽ പദയാത്ര സമ്മാനിച്ച അത്ഭുതങ്ങൾ ഒരു കൊച്ചു കുട്ടിയെപോലെ കാണുകയും കേൾക്കുകയും ചെയ്തു. മാത്രമല്ല എന്റെ വ്യക്തിജീവിതത്തിലും ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് വഴി നിരവധി അനുഭവങ്ങൾ ലഭിച്ചു. പിന്നീട് അങ്ങോട്ട് ഓരോ നിയോഗവുമായി ആണ് ഓരോ വർഷവും പദയാത്രയിൽ അണിചേരാറുള്ളത്. കാലക്രമേണ പദയാത്ര എന്റെ ജീവിതചര്യയുടെ ഭാഗമായി മാറി. ജീവിതത്തിലെ പല പ്രതിസന്ധികളെയും അതിജീവിക്കാൻ എനിക്ക് കരുത്തേകിയത് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനോടുള്ള മധ്യസ്ഥതയും ചിന്തകളും ഓർമ്മകളുമാണ്. എത്രമാത്രം അകന്നു പോയാലും വീണ്ടും വീണ്ടും നമ്മെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്ന ഒരു മാസ്മരികത അഭിവന്ദ്യ പിതാവിന്റെ കബറിനുണ്ടെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. അഞ്ച് ദിവസത്തെ പദയാത്രയുടെ ക്ഷീണം കബറിൽ അണിചേരുന്നതോടെ അലിഞ്ഞില്ലാതാവുകയും ആത്മീയ അനുഭവത്തിൽ നിന്ന് പോവുകയും ചെയ്യുന്നു.

പദയാത്ര ഒരു വലിയ സ്നേഹസംഗമം കൂടിയാണ് പദയാത്രയിൽ മാത്രം കണ്ടുമുട്ടുന്ന എത്രയോ സ്നേഹിതർ. വർഷങ്ങളായി ഇവരെ കണ്ടുമുട്ടുന്നു, പരസ്പരം കാണുമ്പോൾ ഉള്ളിൽ നിറയുന്ന സ്നേഹം, ഇടവേളകളിൽ ഓടി വന്ന് അന്വേഷിക്കുകയും കുശലം പറയുകയും വിശേഷങ്ങൾ അന്വേഷിക്കുകയും ചെയ്യുന്നു. വർഷത്തിൽ ഒരിക്കൽ മാത്രം കണ്ടുമുട്ടുന്നവർ തമ്മിൽ ഇത്രമാത്രം സ്നേഹം തോന്നാൻ എന്താണ് കാരണമെന്ന് പലപ്പോഴും ആലോചിച്ചിട്ടുണ്ട്, കാരണം മറ്റൊന്നുമല്ല ദൈവദാസൻ മാർ ഈവാനിയോസ് എന്ന മഹാ ആചാര്യൻ പകർന്നു നൽകിയ വിശ്വാസ തീക്ഷ്ണതയിലുള്ള ഐക്യപ്പെടൽ ഒന്നുകൊണ്ട് മാത്രമാണത്. പരിഹാസങ്ങളുടെയും നിന്ദനങ്ങളുടെയും നടുവിലൂടെ മലങ്കര മക്കളെ നേരായ പാതയിൽ നയിച്ച താപസശ്രേഷ്ഠന്റെ സന്നിധിയിലേക്ക് തീർത്ഥാടകനായി കാൽനടയായി എത്തിച്ചേർന്ന് പ്രാർത്ഥിക്കുക എന്നത് ജീവിത വിശുദ്ധി നേടുന്നതിന് ഏറെ സഹായകമാണ്. ദുഃഖങ്ങളും വേദനകളും കബറിൽ സമർപ്പിച്ച് കൂടുതൽ കരുത്തോടെ പ്രത്യാശയോടെ ജീവിതത്തെ മുന്നോട്ടുകൊണ്ടുപോകുവാൻ ഈ തീർത്ഥാടന പദയാത്ര എന്നെ വളരെ സഹായിച്ചിട്ടുണ്ട്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് വഴി നിങ്ങൾ ഏവരുടെയും ജീവിതത്തിൽ കൂടുതൽ അനുഗ്രഹങ്ങൾ ലഭിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



www.malankaralibrary.com



# മാർ ഈവാനിയോസ് പിതാവിൽ നിന്ന് കിട്ടിയ അനുഗ്രഹം ഞാൻ ഇവിടെ എഴുതുന്നു

റിനോജ് ഏബ്രഹാം തോമസ്
റിനോ തോമസ് റെജി,
വേങ്ങൽ, തിരുവല്ല

ഞാനും എന്റെ കുടുംബവും പിതാവിൽ വിശ്വസിക്കുന്നവരാണ് എനിക്ക് രണ്ട് മക്കളാണ്. മൂത്ത മകന് 6 മാസം പ്രായമുള്ളപ്പോൾ മുതൽ ഞങ്ങൾ പദയാത്രയ്ക്ക് പങ്കെടുക്കാറുണ്ട്. അവന് 7 വയസ്സുള്ളപ്പോൾ ഞാനും അവനും തിരുവനന്ത പുരം വരെ 5 ദിവസം പദയാത്രയായി ചെന്നു ചേർന്നു. എന്റെ മകന് Meningitis എന്ന രോഗം ഉണ്ടായിരുന്നു. എനിക്ക് ചെവിയ്ക്ക് വേദനയായി ഒന്നര വർഷത്തോളം സഹിച്ചു. ഹോസ്പിറ്റലിൽ പോയപ്പോൾ ചെവിക്കകത്ത് ഒരു ചെറിയ ഹോളു ണ്ടെന്ന് കണ്ടെത്തി. അതിൽ നിന്ന് പഴുപ്പും ഒഴുകുന്നുണ്ടായിരുന്നു. പഞ്ഞി വെച്ചായിരുന്നു നടന്നത്. ഓപ്പറേഷൻ ചെയ്യണമെന്ന് ഡോക്ടർ പറഞ്ഞു എനിക്ക് പേടിയായിരുന്നു. ഓപ്പറേഷൻ ചെയ്തില്ല. എനിക്ക് കുളിക്കുമ്പോൾ വെള്ളം വീണാലുടനെ ബുദ്ധിമുട്ടാണ്. അതുപോലെ കാറ്റ് കൊണ്ടാലും പഴുപ്പ് ഒഴുകും. ഞാൻ പിതാവി നോട് സമർപ്പിച്ചു പ്രാർത്ഥിച്ചു. അടുത്ത വർഷം 10 ദിവസം നോമ്പ് നോറ്റ് ഞങ്ങൾ രണ്ട് പേരും തിരുവനന്തപുരം വരെ പദയാത്രയ്ക്ക് പോയി. അവിടെ കബറിങ്കലിരുന്ന് പ്രാർത്ഥിച്ച് ഞങ്ങൾ തിരിച്ചു വീട്ടിൽ വന്നു. ചെവി വേദന കാരണം ഹോസ്പിറ്റലിൽ പോയി ചെവി ക്ലീൻ ചെയ്തു. അത്ഭുതം എന്ന് പറയട്ടെ ഇപ്പോൾ 5 വർഷമായി ഇതുവരെ ചെവി വേദനയോ പഴുപ്പോ ഒന്നും തന്നെ വന്നിട്ടില്ല. അതുപോലെതന്നെ മകന്റെ അസുഖവും പൂർണ്ണമായി മാറി. ഞങ്ങൾ എല്ലാ വർഷവും കബറിങ്കൽ പോയി പ്രാർത്ഥിക്കുന്നു ഇതാണ് എന്റെ സാക്ഷ്യം.

---

എനിക്ക് ഒരു ജോലിയില്ലാതെ വിഷമിച്ചിരി ക്കുന്ന അവസരത്തിൽ, മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ എത്തി ഞാൻ പ്രാർ ത്ഥിച്ചു പിതാവേ ജൂലൈ പതിനഞ്ചാം തീയതി പദയാത്രയോടൊപ്പം നടന്ന് ഞാൻ ഈ കബറി ങ്കൽ എത്തുമ്പോൾ എനിക്ക് സ്ഥിരമായി ഒരു ജോലി നൽകി അനുഗ്രഹിക്കണം എന്ന്, ഈ ആ വശ്യം പറഞ്ഞ് എല്ലാ ദിവസവും പിതാവിനോ ടുള്ള പ്രാർത്ഥന മുടങ്ങാതെ ചൊല്ലുവാനും തുടങ്ങി, പ്രാർത്ഥനയുടെ ഫലമായി മാർ ഈവാ നിയോസ് പിതാവ് വഴി ദൈവം എന്റെ ആഗ്രഹം സാധിച്ചുതന്നു, എനിക്ക് ഒരു സ്ഥിര ജോലി ലഭിച്ചു.

കർത്താവേ നന്ദി...
ദൈവദാസൻ മാർ ഇവാനിയോസ് പിതാവേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...

## അനുഭവസാക്ഷ്യം

മലങ്കര സഭയുടെ വലിയ ഇടയനായ അഭിവന്ദ്യ ദൈവ ദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേ ക്കുള്ള പദയാത്രയിൽ നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥന യോടെ പോയ ഒരുപാട് ആളുകളിൽ ഒരാളാണ് ഞാൻ. എന്റെ മകൻ കടുത്ത മദ്യപാനത്തിന് അടിമയായിരുന്നു. ചെറുപ്രായത്തിലെ മദ്യപാനിയായി മാറുന്നതിന്റെ വേദന യാൽ ഞാൻ അഭിവന്ദ്യ പിതാവിനോട് പ്രാർത്ഥിക്കുകയും മകന്റെ മദ്യപാനം പൂർണ്ണമായും മാറികിട്ടുകയാണെങ്കിൽ പിതാവിന്റെ കബറിങ്കലേക്ക് പദയാത്രയായി എത്തിച്ചേരാമെ ന്ന് പ്രാർത്ഥിക്കുകയും ചെയ്തു. ശാരീരിക ബുദ്ധിമുട്ടുകൾ മൂലം എനിക്ക് മുഴുവൻ പദയാത്രയിൽ പങ്കെടുക്കാൻ സാ ധിച്ചില്ലെങ്കിലും ഭാഗികമായി പ്രാർത്ഥനയോടെ പങ്കെടുക്കു വാൻ സാധിച്ചു. പിതാവിനോടുള്ള അടിയുറച്ച വിശ്വാസ ത്തോടെയുള്ള പദയാത്ര എന്റെ ജീവിതത്തിൽ ഏറ്റവും സന്തോഷവും ആത്മസംതൃപ്തിയും നിറഞ്ഞതായിരുന്നു. പല ദൈവാലയങ്ങളിൽ നിന്നുമുള്ള വിശ്വാസികളോടൊപ്പം പിതാവിനോടുള്ള എന്റെ വിശ്വാസത്തിന്റെ ആഴം വർദ്ധിച്ചു. എന്റെ വിശ്വാസത്തെ കണ്ട പിതാവ് എന്റെ നിയോഗത്തെ സ്വീകരിക്കുകയും മകന്റെ മദ്യപാനം പൂർണമായും മാറ്റിത്ത രുകയും ചെയ്തു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനോടുള്ള നന്ദി സൂചകമായി ഞാൻ എന്റെ ഈ അനുഭവസാക്ഷ്യം സമർപ്പിക്കുന്നു.

**ഒരു വിശ്വാസി**

www.malankaralibrary.com





# അനുഗ്രഹമീ തീർത്ഥയാത്ര...

രഞ്ജിത ആർ.ജെ.
(പ്രസിഡന്റ്, എം.സി.വൈ.എം.
തിരുവനന്തപുരം മേജർ അതിഭദ്രാസനം)

പുണ്യം തേടിയുള്ള യാത്രയാണ് ഓരോ തീർത്ഥാടനയാത്രയും. ഈ ജീവിതം തന്നെ സൃഷ്ടാവിങ്കലേയ്ക്ക് എത്തിച്ചേരുവാനുള്ള ഒരു തീർത്ഥാടനമാണല്ലോ. ആ യാത്രയിൽ കാലത്തിന്റെ ചക്രവാളത്തിലെവിടെയോ താളം തെറ്റിപ്പോയ നമ്മുടെ ജീവിതങ്ങളെക്കുറിച്ച് ചിന്തിക്കാൻ എപ്പോഴെങ്കിലുമൊക്കെ നമുക്ക് സമയം കണ്ടെത്താം.എല്ലാ ഭക്ത്യാഭ്യാസങ്ങളും ആത്മീയമായ ഉണർവ്വ് നൽകി നമ്മെ സൃഷ്ടിച്ച സൃഷ്ടാവിന്റെ പരമമായ നന്മയിലേക്ക് എത്തിച്ചേരാൻ നമ്മെ സഹായിക്കുന്നുവെന്നതിൽ മറുപക്ഷമില്ല.മലങ്കര സുറിയാനി കത്തോലിക്കാ സഭാഗംങ്ങളായ നമ്മെ സംബന്ധിച്ച് ഇപ്രകാരം പ്രാർത്ഥിക്കാനും ശരീരത്തിന്റെ ആഗ്രഹങ്ങളെ ത്യജിച്ചുകൊണ്ട് മുന്നേറുവാനും അതിലൂടെ സമൂഹത്തിന് സാക്ഷ്യമായി മാറുവാനും ലഭിക്കുന്ന സുവർണ്ണാവസരമായി കണക്കാക്കാവുന്ന ഒന്നാണ് നമ്മുടെ പുണ്യ പിതാവ് ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് റാന്നി- പെരുന്നാട്ടിലെ മുണ്ടൻ മലയിൽ നിന്നും ആരംഭിച്ച് അദ്ദേഹത്തിന്റെ ഭൗതികശരീരം അന്ത്യവിശ്രമം കൊള്ളുന്ന പട്ടം സെന്റ് മേരീസ് കത്തീഡ്രലിലെ കബർ ചാപ്പലിലേക്ക് 42 വർഷങ്ങളായി നടത്തിവരുന്ന തീർത്ഥാടന പദയാത്ര.

ഈ പുണ്യപദയാത്രയിൽ പങ്കെടുത്തവർക്കെല്ലാം ബാഹ്യമായ അത്ഭുതങ്ങളുടെ അനേകായിരം കഥകൾ പറയാനുണ്ടാകും. എന്നാൽ രണ്ടു തവണ മാത്രം പങ്കെടുത്ത എന്നെ സംബന്ധിച്ചിടത്തോളം ദൈവപരിപാലനയുടെ വലിയ അനുഭവത്തെക്കുറിച്ചാണ് ഏറെ പറയുവാനുള്ളത്.

അഞ്ചു ദിനരാത്രങ്ങൾ... നൂറുകണക്കിനാളുകൾ... വിവിധ ഭാഷകൾ സംസാരിക്കുന്നവർ... വിവിധ ദേശങ്ങളിൽ നിന്നുള്ളവർ...എന്നാൽ ഉരുവിടുന്നശരണമന്ത്രങ്ങൾക്ക് മാത്രം ഒരേയൊരു വികാരം...ഒരേയൊരു ഭാവം... പ്രാർത്ഥന! പറഞ്ഞാലും.. അറിഞ്ഞാലും തീരാത്ത അനുഭവങ്ങളിലൂടെയുള്ളൊരു യാത്രയാണിതെന്നതിൽ സംശയമില്ല. ആയിരങ്ങൾക്ക് നടുവിൽ നിറഞ്ഞ പ്രാർത്ഥനാന്തരീക്ഷത്തിൽ നടന്നു നീങ്ങുമ്പോൾ വേനലിന്റെ വറുതിയിൽ ചുട്ടുപൊള്ളുന്ന പാതയോരങ്ങളും, ആർത്തലച്ചു പെയ്യുന്ന മഴത്തുള്ളികളെ ഏറ്റുവാങ്ങുന്ന തീർത്ഥാടകരുമാണിവിടെ നിത്യകാഴ്ച. ഏറ്റവുമൊടുവിൽ തിക്കിലും തിരക്കിലും അകപ്പെട്ട് പുണ്യപിതാവിന്റെ കബറിടത്തെ വണങ്ങുമ്പോൾ അറിയാതെയാണെങ്കിൽ പോലും ത്യാഗവും, വേദനയും, വിട്ടുകൊടുക്കലുകളും നിറഞ്ഞ പുനരൈക്യത്തെ പറ്റിയൊന്നോർത്തു പോകും. അത്രമാത്രം വലിയൊരനുഭവമാണീ പദയാത്ര... ഇനിയുമെത്ര കാതങ്ങൾ കാലം പിന്നിട്ടാലും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മഹാരഥനെ കാണാൻ ഈ ദിനങ്ങളിൽ അനേകായിരങ്ങൾ ഒഴുകിയെത്തുക തന്നെ ചെയ്യും... കാരണം, 'പിതാവിന്റെ അനുഗ്രഹം മക്കളുടെ ഭവനങ്ങളെ ബലവത്താക്കുമെന്നാണല്ലോ..' (പ്രഭാഷകൻ 3 : 9)

# Miracle Twin Boy Babies Birth on 17th May, 2023

**Dr. Sajimon P.J. & Mrs. Sheeja Saji.**

I, Dr. Sajimon P.J., am writing this witness statement to testify to the miraculous birth of twin baby boys, on my 25th year of marriage.

The birth of these babies is believed to be a result of the intercession prayers of the Servant of God Mar Ivanios.

I had the privilege of attending and welcoming the photo procession of Mar Ivanios at my residence, which was conducted by the M.C.Y.M unit of Malankara Syrian Catholic Archepiscopal Church in Sharjah, on 9th July, 2022. The photo procession was a moment of great spiritual significance and devotion for all the participants, including myself and my family. It was an opportunity to honor and seek the intercession of Servant of God Mar Ivanios, who is revered as a holy figure within the Malankara Syrian Catholic Church.

Little did we know that this act of devotion would lead to such a great miracle . Our journey had been filled with hope, prayers, and medical interventions, for experiencing the joy of parenthood.

However, welcoming the photo procession of Servant of God Mar Ivanios, prayers of us & all of our near and dear ones were finally answered. Against all odds, at the age of 50 Sheeja conceived and gave birth to twin baby boys.

This unexpected and extraordinary event left us and our loved ones in awe of the divine intervention that had taken place in our lives.

The birth of these twin boys is truly a testament to the power of our Trinitarian faith in God, prayer, and the intercession of holy figures. It is a clear demonstration of the grace and mercy bestowed upon us through the intercession of Servant of God Mar Ivanios.

Hope, our testimony will become an inspiration to all those who have been touched by their journey, reminding us of the unfathomable miracles that can occur through faith and devotion.



www.malankaralibrary.com





# അനന്തപുരിയിലേക്ക് ഒരു തീർത്ഥാടനം

**അഡ്വ. ശ്രുതി തോമസ്**
(എം.സി.വൈ.എം. വി–കോട്ടയം യൂണിറ്റ്,
വൈദീക ജില്ലാ സിൻഡിക്കേറ്റ്)

ക്രൈസ്തവ വിശ്വാസത്തിൽ ജീവിതത്തെ ഒരു തീർത്ഥാടനമായിട്ടാണ് സഭാപിതാക്കന്മാർ ചിത്രീകരിക്കുന്നത്. സ്വർഗ്ഗീയസമ്മാനത്തിലേക്ക് എത്തിച്ചേരുവാനായി ഓരോ തീർത്ഥാടകരും ജീവിതം മുന്നോട്ടായി ഓടുന്നു. ത്യാഗവും സ്നേഹവും കണ്ണീരും സഹനവും എല്ലാം തന്നെ ഈ തീർത്ഥാടനത്തിന്റെ ഭാഗമാണുതാനും.

പുനരൈക്യപ്രസ്ഥാനമെന്ന മഹാപ്രസ്ഥാനത്തിന്റെ ശില്പിയും, ഭാരത ന്യൂമാൻ എന്ന വിശേഷണത്തിന് അർഹനുമായ ഭാഗ്യസ്മരണാർഹൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്ക് ഓരോ വിശ്വാസിയും നടന്നു നീങ്ങുന്നത് സഭയുടെ ഒരു ചട്ടക്കൂട്ടിനുള്ളിലെ പ്രവർത്തനം എന്നതിനപ്പുറം ഒരു തീർത്ഥാടകനായിട്ടാണ്. അനന്തപുരി എന്ന സ്ഥലത്ത് മക്കൾക്കായി പ്രാർത്ഥിക്കുന്ന പുണ്യപിതാവിന്റെ കബറിങ്കലേക്ക് ആ പുണ്യതാതന്റെ പ്രാർത്ഥനാസഹായം യാചിച്ചുകൊണ്ട് ഓരോ വിശ്വാസിയും ഒരു തീർത്ഥയാത്രയ്ക്ക് ഒരുങ്ങുകയാണ്.

കബറിങ്കലേക്കുള്ള പുണ്യപദയാത്ര വെറുമൊരു യാത്രയല്ല; പ്രത്യുത ത്യാഗവും സ്നേഹവും നോമ്പും ഉൾപ്പെടുന്ന ഒരു വിശ്വാസിയുടെ ആന്തരിക ഒരുക്കത്തിന്റെയും ധ്യാനത്തിന്റെയും നിറവിലേക്കുള്ള വിളിയും കൂടിയാണ്. പുനരൈക്യത്തിന്റെ അടിസ്ഥാനമായ റാന്നി–പെരുനാടിന്റെ പുണ്യഭൂമിയിൽ നിന്ന് കബറിടത്തിലേക്ക് എത്തിച്ചേരുന്നവർക്ക് പറയാനുള്ളത് ഒരു പിടി അനുഗ്രഹത്തിന്റെ സാക്ഷ്യങ്ങളാണ്. വരുന്ന വർഷങ്ങളിലും ത്യാഗവും സഹനവും ഏറ്റെടുത്ത് ആ കബറിങ്കൽ എത്തുവാൻ ഓരോ പദയാത്രികനെയും പ്രേരിപ്പിക്കുന്നത് ജീവിതത്തിൽ ആദ്ധ്യാത്മികവും ഭൗതികവുമായി കാണപ്പെട്ട ദൈവിക കൃപകളാണ്.

സഭയ്ക്കു നേരേ വെല്ലുവിളികൾ ഉയരുന്ന ഈ കാലഘട്ടത്തിൽ ഇതൊരു സാക്ഷ്യത്തിന്റെ നിമിഷമാണ്. സത്യവിശ്വാസം ഉയർത്തിപ്പിടിക്കുന്ന സാക്ഷ്യം. മൂന്ന് വർഷത്തിനുശേഷം വീണ്ടും ഒരു പദയാത്രയ്ക്കായി സഭയും സഭാമക്കളും ഒത്തുചേരുമ്പോൾ മാർ ഈവാനിയോസ് പിതാവ് കാണിച്ചു തന്ന ആ വെളിച്ചം പിതാവ് നമ്മെ കൈപിടിച്ച് നടത്തിയ പാതയിൽത്തന്നെ നീങ്ങാനുള്ള ദൈവീകകൃപക്കായി നമുക്ക് പ്രാർത്ഥിക്കാം.

മാർ ഈവാനിയോസ് പിതാവേ സ്വർഗത്തിൽ നിന്നുള്ള അങ്ങയുടെ പ്രാർത്ഥന ഞങ്ങൾക്ക് തുണയായിരിക്കട്ടെ.

*ദൈവദാസൻ മാർ ഈവാനിയോസ് പിതാവേ*
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.....*

**മാർ ഈവാനിയോസ് സെൻട്രൽ സ്കൂൾ**
**വടശ്ശേരിക്കര**

www.malankaralibrary.com



# "നിങ്ങൾ ഓരോരുത്തരെയും ദൈവം ഭാവിയിൽ ഏതുവിധം ഉപയോഗിക്കുമെന്ന് നിങ്ങൾ അറിയുന്നില്ല"

**ദൈവദാസൻ മാർ ഈവാനിയോസ് പിതാവ്**

**നിയ വർഗ്ഗീസ്**
തിരുവല്ല

വലിയ ആഗ്രഹമായിരുന്നു പിതാവിന്റെ പദയാത്രയ്ക്ക് അഞ്ചുദിവസം മുഴുവനായി നടക്കണം എന്നുള്ളത്. അങ്ങനെ കാത്തിരുന്നു, പ്ലസ് ടുവിന്റെ അവധിക്കാലം വന്നു. ഇനി എന്തെന്നുള്ള വലിയൊരു ചോദ്യം പേറിയായിരുന്നു അവധിക്കാലം കടന്നു പൊയ്ക്കൊണ്ടിരുന്നത്. ഡിഗ്രിക്ക് പോകാം എന്ന് തന്നെ വിചാരിച്ചു. അഗ്രികൾച്ചറൽ എൻട്രൻസ് റിസൾട്ട് വരാനുമുണ്ട്. മറ്റേന്ത് കോഴ്സ് തിരഞ്ഞെടുത്താലും നഴ്സിംഗ് ഒരിക്കൽ പോലും എന്റെ മനസ്സിൽ വന്നിട്ടില്ല. എന്റെ അന്നത്തെ പ്രിയ വികാരിയായിരുന്ന മാത്യു പുന്നക്കുളം അച്ചന്റെ വാക്കിനെ മാനിച്ച് നഴ്സിംഗിന്റെ അലോട്മെന്റിന് ഞാൻ കൊടുത്തു. അന്ന് അച്ചനോട് പറഞ്ഞ കാര്യം ഞാൻ ഇപ്പോഴും ഓർക്കുന്നു. നഴ്സിംഗ് എന്ന പ്രൊഫഷൻ നല്ല ഡെഡിക്കേഷൻ ആവശ്യമുള്ള ഒരു കാര്യമാണ്. പിന്നെ നൈറ്റ് ഡ്യൂട്ടി ഒക്കെ ചെയ്യുമ്പോൾ ഉറങ്ങാൻ പറ്റില്ല. എന്നെക്കൊണ്ട് ഇത് പറ്റുമെന്ന് തോന്നുന്നില്ല അച്ചാ. ഈ വിധം ഭാവിയെ പറ്റിയുള്ള ശൂന്യതകൾക്കിടയിലും "ദൈവം എനിക്ക് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു" എന്നുള്ള വലിയൊരു ബോധ്യം ഹൃദയത്തിൽ ഉണ്ടായിരുന്നു. ഈ സമയത്താണ് ഈവാനിയോസ് പിതാവിന്റെ കബറിടത്തിലേക്കുള്ള പദയാത്ര 10 മുതൽ 15 വരെ തീയതികളിലെന്ന് വിശുദ്ധ കുർബാനയ്ക്ക് ശേഷം അച്ചൻ വിളിച്ച് പറയുന്നത്. ഓരോ വിശുദ്ധ കുർബാനയിലും ഈവാനിയോസ് പിതാവിന്റെ മാധ്യസ്ഥം തേടി പ്രാർത്ഥിച്ചിരുന്നു. പദയാത്രയ്ക്ക് വീട്ടിൽനിന്നും പള്ളിയിൽനിന്നും ആരുമില്ല. ഒറ്റയ്ക്ക് ഇത്ര ദൂരം ഒരു പ്ലസ്ടുക്കാരിയെ വിടുന്നതിനോട് വീട്ടുകാർക്ക് അത്ര യോജിപ്പില്ലായിരുന്നു. എന്റെ പ്രാർത്ഥന ഇതുമാത്രമായിരുന്നു; 'ഈവാനിയോസ് പിതാവേ, അങ്ങയുടെ കബറിടം സന്ദർശിക്കണമെന്ന് അതിയായ ആഗ്രഹം എനിക്കുണ്ട്. ഈ അഞ്ചുദിവസം കാൽനടയായി തന്നെ എനിക്ക് വരണം'. നമ്മുടെ ചെറിയ ആഗ്രഹം പോലും ദൈവം നിരസിക്കുകയില്ല. അങ്ങനെ തിരുവല്ലയിൽ നിന്ന് നടക്കാൻ ദൈവം എനിക്കും ഒരു ഭാഗ്യം തന്നു. ദൈവാനുഗ്രഹത്താൽ കൂട്ടിന് ഒരു ആന്റിയെ സജ്ജമാക്കി തന്നു. വീട്ടുകാർക്ക് യാതൊരുവിധ ടെൻഷനുകൾ ഇല്ലാതെ എന്നെ വിടാൻ സാധിച്ചു. ഒരമ്മ തന്റെ കുഞ്ഞിനെ എങ്ങനെ കൊണ്ട് നടക്കും അങ്ങനെ ആയിരുന്നു ആന്റി എന്നെ കൊണ്ട് നടന്നിരുന്നത്. മൂന്നാം ദിവസം ചെരുപ്പ് പൊട്ടി കാല് ചെന്ന് ഇടിച്ച് ഒരു മുറിവായി. അന്ന് ആംബുലൻസിൽ ഉണ്ടായിരുന്ന ഒരു സിസ്റ്റർ വളരെ കാര്യമായിട്ട് മുറിവുകളെ വെച്ച് കെട്ടി തന്നു. അത്രയും സ്നേഹത്തോടെ എന്റെ പൊടിപിടിച്ച കാലിലെ മണ്ണോ, പൊടിയോ ഒന്നും നോക്കാതെ മരുന്ന് വെച്ച് തന്ന ആ സിസ്റ്ററിന്റെ സ്നേഹം ഞാൻ ഒരിക്കലും മറക്കില്ല. ഈവാനിയോസ് പിതാവിനോടുള്ള മധ്യസ്ഥതയോടെ നടന്നു നീങ്ങിയപ്പോൾ ശരീരത്തിനും ഒരു ക്ഷീണവും തോന്നിയില്ല എന്നുള്ളത് എനിക്ക് വളരെയേറെ അത്ഭുതമായ ഒരു കാര്യമായിരുന്നു. കൊന്ത ചൊല്ലിയും, പാട്ടുകൾ പാടിയും നടന്നു നീങ്ങിയ വഴികളൊക്കെ സ്വർഗ്ഗതുല്യമായ അനുഭവം തന്നെയായിരുന്നു. അവസാന മണിക്കൂറുകളിലെ മെഴുകുതിരി പ്രദക്ഷിണത്തിന് അണിചേർന്ന് നാം ആ പുണ്യഭൂമിയിലൂടെ നടക്കുമ്പോൾ നമ്മൾ സന്തോഷം കൊണ്ട് കരഞ്ഞുപോകും. പിതാവിന്റെ സന്നിധിയിൽ അന്ന് ആ ദൈവാലയങ്കണത്തിൽ വച്ചിട്ടാണ് എനിക്ക് നഴ്സിംഗ് പഠിക്കാൻ തൊട്ടടുത്തുതന്നെ പുഷ്പഗിരി മെഡിക്കൽ കോളേജിൽ സെക്കന്റ് അലോട്ട്മെന്റിൽ പേര് വന്നു എന്നും പറഞ്ഞ് വീട്ടിൽ നിന്ന് വിളിക്കുന്നത്. ശരിക്കും ഈ പദയാത്ര ഞാൻ എന്തായി തീരണമെന്ന് ദൈവം ആഗ്രഹിക്കുന്നു എന്നതിന്റെ തെളിവ് കൂടിയായിരുന്നു. അതെ മാർ ഈവാനിയോസ് പിതാവ് എനിക്ക് പറഞ്ഞുതരികയായിരുന്നു കൂടെയുള്ള പിതാവിന്റെ സ്നേഹം. ജീവിതത്തിലുടനീളം മാർ ഈവാനിയോസ് പിതാവിനോടുള്ള മാധ്യസ്ഥത നമുക്കെല്ലാവർക്കും ഉണ്ടായിരിക്കട്ടെ.

www.malankaralibrary.com




# CHALO----Let's Go

**Haresh Kumar Pan**
President MCYM Odisha Region

Padayatra is one of the best spiritual journey that I ever had in my life. Being a new person to the Malankara church, a person from mission, having no knowledge on the importance of Padayatra, simply went to obey my parish priest but the enlightenment after five days of walking for the first time led me to go for another five days walking in the immediate next year. I participated in five days walking of Padayatra in 2015 and 2016. I had several misconception on it as Hindu does Padayatra in Odisha, which is called "Bolbom". In 2015, I just obeyed my Parish Priest and first two days were casual for me and it was like walking for the sake of walking but when I came to know about the journey of Mar Ivanios Pitave and his vision, then no way stopping and casual walking anymore. Actually, My Padaytra started on the third day of the walking. I started enjoying it and walked in a spiritual mood all along. The singing of the people, the prayers, and cultural representation was a great glance and a source of motivation. Apart from the Brightside of the journey, I too had sprain and other difficulties but by the last day of the walking, everything was all right and felt blessed. I Like Kerala food but I was very new to the spices and other ingredients and felt a bit difficult to eat as we were not used to have curry which is cooked with coconut oil, But nonetheless, the food items that we were getting on the roadside was so delicious and additional benefit for us.

The Padayatra mates of 2015 from Odisha were so strong and enthusiastic. I had several funny moments with them during the journey. We were supportive to each other. We used to massage each other, we were the alarm of each other, and we used to sing songs, raise slogans, having dance, doing rosary prayer and many more during the walking. The fourth day of Padayatra was little tough. My legs were not getting energy to step ahead but seeing other people walking without slipper kept me going and made me to believe in myself. I think, self-encouragement and faith are the main essential factors in Padayatra. I witnessed so many people withdrawing from five days walking and going to the Ambulance and resting. I also thought for a while but the intention of walking that I had was more than anything else. Fathers and sisters were so supportive and they were calling us always to ask about our need and capacity, as we were new to the journey. However, we never made them feel like we were new comers.

Something is there in Padayatra that makes everyone to walk, something that every Malankarite does at least once in his or her lifetime. I have seen people giving witness of fulfillment of their intentions through Padayatra. Mine also in the list. The last moment of the last walking day of Padaytra is always spiritual and divinely fascinated.The tomb of Mar Ivanios Pitave is a blessed place to rest our walking. The ultimate destination of Padayatra. I have felt all the pains and difficulties in walking going away after reaching the tomb of Mar Ivanios Pitave. That is the power of his tomb. I must say, every Malankarite shall walk and feel the journey at least once in life and I believe, then no turning back, no second thought for going for second, third, fourth...times. Experience in details cannot be conveyed in a piece of writing but this journey teaches everything of life. It is a blessed feeling to have this wonderful journey after three years. May this year journey brings so much fruits and enlightenment in Padayatris.

www.malankaralibrary.com





# ഒരു പദയാത്ര അനുഭവ സാക്ഷ്യം

**കുഞ്ഞുമോൻ**
പാറശ്ശാല ഭദ്രാസനം

"ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണ്. എന്റെ മേൽ ദൈവം ചൊരിഞ്ഞ കൃപ നിഷ്ഫലമായിപ്പോയിട്ടില്ല. നേരേമറിച്ച് മറ്റെല്ലാവരെയുംകാൾ അധികം ഞാൻ അധ്വാനിച്ചു. എന്നാൽ, ഞാനല്ല എന്നിലുള്ള ദൈവകൃപയാണ് അധ്വാനിച്ചത്." (1 കോറിന്തോസ് 15:10)


ജീവിതത്തിലെ ലക്ഷ്യങ്ങളെ എത്തിപ്പിടിക്കാൻ എന്നെ സഹായിച്ച ഒരു പകൽ നീളുന്ന ആത്മീയയാത്ര, അതായിരുന്നു എനിക്ക് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പദയാത്ര. എം.സി.വൈ.എം. അംഗമായതു മുതൽ കാഞ്ഞിരംകുളത്തു നിന്നും ആരംഭിക്കുന്ന മേഖല പദയാത്രയിൽ പങ്കെടുക്കുമായിരുന്നു. അനേകർ ത്യാഗം സഹിച്ച് റാന്നി–പെരുന്നാട്ടിൽ നിന്നും കബറിങ്കൽ എത്തിച്ചേരുമ്പോൾ മേഖലാ പദയാത്രകൾക്കും പ്രാധാന്യമേറെയായിരുന്നു. ജൂലൈ 14 ന് ഏകദേശം 27 കിലോമീറ്റർ, കാഷായ വസ്ത്രധാരികളായ നൂറുകണക്കിന് വിശ്വാസികൾ പ്രാർത്ഥനാ മഞ്ജരികൾ ഉരുവിട്ടു കൊണ്ട് തിരുവനന്തപുരം നഗരമധ്യത്തിലൂടെ പട്ടത്തെ കബറിടം ലക്ഷ്യമാക്കി നീങ്ങുമ്പോൾ ഒത്തിരി പരിചയക്കാരെ കാണാമെങ്കിലും കബറിങ്കൽ എത്തിച്ചേരുമ്പോൾ പിന്നെ നിശബ്ദമായ പ്രാർത്ഥനയായിരിക്കും. ജീവിതത്തിൽ ഒന്നുമല്ലാതിരുന്നപ്പോൾ ആ വിശുദ്ധ സ്ഥലത്തെ നിശബ്ദത എന്നെ കൂടുതൽ ഒരുക്കുകയായിരുന്നു. 2016 ലെ പദയാത്രയിൽ പങ്കെടുത്തു കൊണ്ടിരുന്നപ്പോൾ ബാലരാമപുരം കഴിഞ്ഞ് പള്ളിച്ചൽ എത്തിയപ്പോൾ എന്റെ ഫോൺ ബെല്ലടിച്ചു. ആദ്യം ഞാൻ ശ്രദ്ധിച്ചില്ല, വീണ്ടും ബെല്ലടിച്ചപ്പോൾ ഞാൻ ഫോൺ എടുത്തു. മറുതലയ്ക്കൽ പോസ്റ്റുമാൻ ആയിരുന്നു. "പി.എസ്.സി.യിൽ നിന്ന് അഡ്വൈസ് വന്നിട്ടുണ്ടല്ലോ." ഞാൻ പറഞ്ഞു, "എനിക്കോ?" "അല്ല.. ചേട്ടന്." ഞാൻ അപ്പോൾ തന്നെ ചേട്ടനെ വിളിച്ച് ആ സന്തോഷ വാർത്ത അറിയിച്ചു. യാത്ര തുടർന്നപ്പോൾ എന്റെ മനസ്സ് ശക്തമായ തീരുമാനങ്ങൾ എടുക്കുകയായിരുന്നു. അടുത്ത പദയാത്രയിൽ ഒരു സർക്കാർ ജോലിയെന്ന സ്വപ്നം, പിന്നീടുള്ള ദിവസങ്ങളിൽ എന്റെ മനസ്സിനെ ഒരുക്കി പലതവണ കബറിൽ പോയിരുന്ന് നിശബ്ദമായി പ്രാർത്ഥിച്ചു, കരഞ്ഞു. ഈ പ്രാർത്ഥന എന്നെ പഠനത്തിൽ ഏകാഗ്രമാക്കി. മറ്റുള്ളവരുടെ മുള്ളുവെച്ച വാക്കുകൾ എന്നെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടേയുള്ളൂ. 2017 ജൂലൈ 14 ന് എനിക്ക് പദയാത്രയിൽ പങ്കെടുക്കാനായില്ല. കാരണം 15 ന് ഓർമ്മപ്പെരുന്നാൾ ദിനത്തിൽ ലക്ഷങ്ങൾ മാറ്റുരച്ച എൽ.ഡി.സി. പരീക്ഷയിൽ ഞാനും ഉണ്ടായിരുന്നു. പിന്നെ ഒരു വർഷക്കാലം എന്നെ സംബന്ധിച്ചിടത്തോളം കാത്തിരിപ്പിന്റെ നാളുകളായിരുന്നു, കൂടെ കുറ്റപ്പെടുത്തലുകളും അവഹേളനങ്ങളും. അവയെല്ലാം എന്റെ ഉള്ളിലെ നിശബ്ദത തടഞ്ഞുനിർത്തി. അടുത്ത ജൂലൈ 14 ന് വീണ്ടും പരിചിതരുടെ ചോദ്യശരങ്ങൾ, "ജോലി ഒന്നും ആയില്ലേ മോനെ?" ഞാൻ പറഞ്ഞു, "ഇല്ല ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്." അവരും ആശ്വസിപ്പിച്ചു. "എത്രയും വേഗം ജോലി ലഭിക്കട്ടെ." അന്നും ആയിരക്കണക്കിന് പദയാത്രികരുടെ പ്രാർത്ഥന എനിക്കുവേണ്ടിക്കൂടിയാണെന്ന് തോന്നി, അങ്ങനെ വീണ്ടും ഒരു വർഷം കൂടി കടന്നുപോയി. ഇക്കാലയളവിൽ അനേകം തവണ കബറിങ്കൽ എത്തി എന്റെ മനസ്സിലെ വിഷമങ്ങളെ ഞാൻ സമർപ്പിച്ചു. വീണ്ടും ചരിത്രനിയോഗം, 2019 സെപ്റ്റംബർ 20 പുനരൈക്യ ദിനത്തിൽ സർക്കാർ ജോലിയിൽ ആദ്യ പ്രവേശനം. ശേഷം 2020 ജൂലൈ 23 ന് ഞാൻ 2017 ൽ ഓർമ്മപ്പെരുന്നാൾ ദിനത്തിൽ എഴുതിയ പരീക്ഷ നൽകിയ ജോലിയിൽ പ്രവേശിച്ചു(എൽ.ഡി.ക്ലാർക്ക്).

ഇതൊരു സാക്ഷ്യത്തിനു പുറമേ എന്റെ ജീവിതം കൂടിയാണ്. എന്റെ ഇടവകയിലെ ഒരോ വിശുദ്ധ കുർബാനയുടെ അവസാനം ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധ പദവിയിലേക്കുയർത്തുന്നതിനായുള്ള പ്രാർത്ഥന ചൊല്ലാനുള്ള ഭാഗ്യവും എനിക്കുണ്ടായി. ഇനി പ്രിയ യുവജനങ്ങളോട്, പ്രതിസന്ധിയിൽ തളരാതെ മനസ്സാന്നിധ്യം കൈവിടാതെ ഉറച്ച ദൈവവിശ്വാസത്തോടെ മുന്നേറൂ, ദൈവം നിങ്ങൾക്ക് നൂറ് മേനി ഫലം നൽകും.

**ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ**
**മധ്യസ്ഥതയിൽ ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിയോടെ**
**പുലിമുറ്റത്ത് കുടുംബം, സീതത്തോട്**

www.malankaralibrary.com





# പദയാത്ര അനുഗ്രഹം

**അജു തോമസ്**

*(മുൻ കാല എം.സി.വൈ.എം റാന്നി പെരുന്നാട് വൈദിക ജില്ല പ്രസിഡന്റ്, തിരുവനന്തപുരം അതിഭദ്രാസന എം.സി.വൈ.എം വൈസ് പ്രസിഡന്റ്, പത്തനംതിട്ടയുടെ ആദ്യത്തെ എം.സി.വൈ.എം രൂപത പ്രസിഡന്റ് എന്നി നിലകളിൽ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ കഴിഞ്ഞ 14 വർഷമായി തെക്കുംമല കത്തോലിക്ക ദൈവാലയത്തിലെ ട്രസ്റ്റി, സെക്രട്ടറി പദവികൾ വഹിച്ചു വരുന്നു.)*

2015 ജൂലൈ മാസം തെക്കുംമല സെന്റ് തോമസ് മലങ്കര കത്തോലിക്ക ദൈവാലയത്തിലെ മാതൃവേദി അംഗങ്ങളും എന്റെ കുടുംബവും ഒന്നുചേർന്ന് ഒരു നിയോഗം വച്ചു. റാന്നി –പെരുന്നാട് മുതൽ പത്തനംതിട്ട വരെ പദയാത്രയിൽ എല്ലാ അമ്മമാരെയും പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടും എനിക്ക് ഒരു പെൺകുഞ്ഞിനെ മാർ ഈവാനിയോസ് പിതാവിന്റെ അനുഗ്രഹത്താൽ ലഭിക്കാനും ഞങ്ങൾ ഒന്നുചേർന്നു പദയാത്രയിൽ പങ്കെടുത്തു. പദയാത്രയിൽ മുന്നോട്ടു വരുന്ന വഴിയിൽ പാലത്തിന്റെ അടുത്തായി എല്ലാവർഷവും ചുക്ക് കാപ്പിയും ഉണ്ണിയപ്പവും ഞങ്ങൾ ദൈവാലയത്തിൽ നിന്നും കൊടുക്കാറുണ്ട്. അന്നേദിവസം അഭിവന്ദ്യ കാതോലിക്കാ ബാവ തിരുമനസ്സ് പദയാത്രയിൽ നടന്നു വരുന്നു എന്ന് വടശ്ശേരിക്കര ദൈവാലയത്തിലെ പ്രിയപ്പെട്ട ബാബു സാർ വിളിച്ചറിയിച്ചു. ഞങ്ങൾ കാപ്പികൊടുക്കാൻ ഡിസ്പോസിബിൾ ഗ്ലാസ് ആണ് കരുതിയിരുന്നത് പിതാവിന് കാപ്പി കൊടുക്കാൻ ഒരു ഗ്ലാസ് എടുക്കാനായി ഞാൻ ഭാര്യയെയും കൂട്ടി വീട്ടിലേക്കുപോയി. ആ വഴിയിൽ ഒരു നായ ബൈക്കിനു കുറുകെ ചാടി ഞാൻ വാഹനത്തിൽ നിന്നും വീണു. നായ വാഹനത്തിന്റെ അടിയിൽ പെട്ടു പോയതിനാൽ വേദന കാരണം അത് എന്റെ കാലിൽ ആഴത്തിൽ കടിച്ചു മുറിവേൽപ്പിച്ചു. കാലിൽ നിന്നും ചോര ഒഴുകി ഒരു തുണിയെടുത്ത് കാൽ കെട്ടിവെച്ചു. വന്നു നിന്ന് എല്ലാവർക്കും കാപ്പിക്കൊടുത്തു എന്നെ അറിയുന്ന എല്ലാവരും ഈ കാല് വച്ചു നടക്കേണ്ട എന്ന് സ്നേഹത്തോടെ ഉപദേശിച്ചു. എന്റെ ദൈവാലയ അംഗം ശ്രീ. ഷാജി പറയിടത്തിൽ എന്നെ ഹോസ്പിറ്റലിൽ കൊണ്ടുപോയി മുറിവ് വച്ചുകെട്ടി തിരിച്ചു മണ്ണാറക്കുളഞ്ഞിയിൽ നിന്നും പദയാത്രയോടൊപ്പം ചേർന്ന് പത്തനംതിട്ടയിലേക്ക് നടന്നുപോയി. അടുത്തവർഷം ജൂലൈ മാസം 10–ാം തീയതി എന്റെ ഭാര്യ ഗർഭിണി ആണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തി. പിതാവിന്റെ സാക്ഷ്യം വെളിവാക്കാനാവണം ആ ദിനം തന്നെ തിരഞ്ഞെടുത്തത്. 2017 ഫെബ്രുവരി മാസം 10–ാം തീയതി 8 മാസം വളർച്ചയുള്ള എന്നാൽ പൂർണ്ണ ആരോഗ്യവതിയായ ഒരു പെൺകുഞ്ഞിനെ നോർമൽ പ്രസവത്തിലൂടെ ഞങ്ങൾക്ക് തന്നു. അതിനുശേഷം നടന്ന പദയാത്രയിൽ കാതോലിക്കാ ബാവയോട് മദ്ധ്യസ്ഥത്തെ പറ്റി പറഞ്ഞപ്പോൾ കുഞ്ഞിന്റെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചതും നല്ല ഓർമ്മയായി അവശേഷിക്കുന്നു. പിതാവിന്റെ സന്തോഷം എന്ന ബൈബിൾ അർത്ഥം വരുന്ന അബിഗയിൽ മരിയ മാത്യു എന്നവൾക്ക് പേരും നൽകി. ഇന്ന് ഞാൻ ഇതെഴുതുന്നത് വടശ്ശേരിക്കര മാർ ഈവാനിയോസ് സ്കൂളിൽ മകളെ ഒന്നാം ക്ലാസിൽ ചേർത്തിട്ട് വന്നിരുനാണെന്നത് പിതാവിനെ ഒരിക്കൽ കൂടി ഓർക്കാൻ കാരണമായി.

വീണ്ടും ഒരു അനുഗ്രഹം കൂടി മാർ ഈവാനിയോസ് പിതാവ് എനിക്ക് തന്നു. ഞങ്ങളുടെ ദൈവാലയം തെക്കുംമല ആയതിനാൽ ഞങ്ങൾ കാപ്പി കൊടുക്കാൻ കന്നാംപാലം തിരഞ്ഞെടുത്തു. എന്നാൽ ഇതിനിടയിൽ ഒരു ഹൈന്ദവ സമൂഹത്തിൽ ഉള്ള ഒരാൾ വെള്ളം സ്ഥിരമായി കൊടുക്കാറുണ്ടായിരുന്നു. ഞങ്ങൾ കാപ്പി കൊടുത്ത് തുടങ്ങിയത് മുതൽ ആരും അവിടെ നിന്നും വെള്ളം കുടിക്കുന്നില്ല എന്ന് അദ്ദേഹം പരാതി പറഞ്ഞു അത് എനിക്ക് വല്ലാത്ത വിഷമം ആയി. ഞാൻ ഒരു പുതിയ വീട് തെക്കുംമല (29) എന്ന സ്ഥലത്ത് വെച്ച് താമസം തുടങ്ങിയിട്ട് അഞ്ചു വർഷം മാത്രമേ ആയുള്ളൂ. ഞാൻ ഒരിക്കലും അത് വിൽക്കുന്നതിനെ കുറിച്ച് ചിന്തിച്ചിട്ട് പോലുമില്ല എന്നാൽ എന്റെ ആഗ്രഹം പിതാവ് കണ്ടു. ഞാൻ വെള്ളം കൊടുക്കാൻ ആഗ്രഹിച്ചതിന്റെ 100 മീറ്റർ മാറി ഏകദേശം 2 ഏക്കർ സ്ഥലം എനിക്ക് വാങ്ങാൻ സാധിച്ചു. മാർ ഈവാനിയോസ് പിതാവ് സ്ഥാപിച്ച ബഥനി ആശ്രമത്തിൽ 2 വർഷം ഉണ്ടായിരുന്ന ഒരു വൈദിക വിദ്യാർഥിക്കു ബഥനിയുടെ സൂര്യതേജസ്സ് തന്ന അനുഗ്രഹമായി ഇതിനെയെല്ലാം ഞാൻ നോക്കിക്കാണുന്നു. ദൈവം പിതാവിലൂടെ എനിക്ക് തന്ന അനുഗ്രഹത്തിന് പ്രതിഫലമായി ദൈവം ആദമിനെയും ഹവ്വയെയും ഏൽപ്പിച്ച ഏദൻ തോട്ടത്തിന്റെ ഓർമ്മക്കായി എന്റെ വീട്ടുപേര് ഏദൻസ് വില്ല എന്നാക്കി മാറ്റി ദൈവം തിരുമനസാകുന്നു എങ്കിൽ ഈ വർഷം പദയാത്രയ്ക്ക് എന്റെ വീട്ടു പടിക്കൽ കാപ്പി ക്രമീകരിക്കും..

www.malankaralibrary.com





# നന്ദിയോടെ...

കർത്താവിനെ അന്വേഷിക്കുന്നവരേ, രക്ഷതേടുന്നവരേ, എന്റെ വാക്കു കേൾക്കുവിൻ. നിങ്ങളെ വെട്ടിയെടുത്ത പാറയിലേക്കും നിങ്ങളെ കുഴിച്ചെടുത്ത ഖനിഗർഭത്തിലേക്കും നോക്കുവിൻ (ഏശയ്യാ 51:1).

'ലോകത്തിന്റെ ചരിത്രം എന്നത് ഒന്നുമല്ല, എന്നാൽ മഹാനായ മനുഷ്യന്റെ ചരിത്രം ഇവിടെ ജീവിക്കുന്നു' ആംഗലേയ സാഹിത്യകാരൻ തോമസ് കാർഡിയൻ ഉദ്ധരിച്ചത് പോലെ, ധീരവും ശക്തവുമായ പ്രവർത്തികളുടെ ഉപജ്ഞാതാക്കളാണ് മഹാന്മാർ. ആ പട്ടികയിൽ ഉൾപ്പെടുത്താവുന്ന ഭാരതീയ മഹർഷിയാണ് മഹാനായ നവോത്ഥാന നായകൻ മാർ ഈവാനിയോസ് പിതാവ്. ആത്മീയ ഫലങ്ങളാൽ സമ്പുഷ്ടമായ ആർഷഭാരത സംസ്കാരത്തിൽ നില നിന്നതും, നിലനിൽക്കുന്നതുമായ ഋഷി പാരമ്പര്യത്തിൽ ലോകം മുഴുവൻ സ്മരിക്കപ്പെടുന്ന ഒരു ശ്രേഷ്ഠ വ്യക്തിത്വത്തിന്റെ വേർപാടിന്റെ എഴുപതാം ഓർമ്മപ്പെരുന്നാൾ ജൂലൈ 15 ന് നാം കൊണ്ടാടുകയാണല്ലോ. കേരള ക്രൈസ്തവ സഭയിൽ വിശിഷ്യാ മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ പുനരൈക്യ പ്രസ്ഥാനത്തിലൂടെ ധീരമായ ആത്മീയ വിപ്ലവത്തിന് നേതൃത്വം കൊടുത്ത ശ്രേഷ്ഠ വ്യക്തിയാണ് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി.

പ്രതിസന്ധികളെ ആധ്യാത്മിക ശക്തികൊണ്ട് അതിജീവിച്ച കർമ്മയോഗി..... ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ സുവിശേഷകൻ... വിവേകശാലിയായ നയതന്ത്രജ്ഞൻ.... പ്രഗൽഭനായ ഭരണാധികാരി... കർക്കശനായ സന്യാസി വര്യൻ..... ഐതിഹാസിക പുരുഷന് വിശേഷണങ്ങൾ ഏറെയാണ്. അതുകൊണ്ടുതന്നെയാണ് ആ പുണ്യ താതന്റെ വിശ്രമ കൂടാരമായ പട്ടത്തെ കബറിങ്കലേക്ക് അനേകായിരങ്ങൾ ഒഴുകിയെത്തുന്നത്, കബറിടം മുത്തി അനുഗ്രഹം പ്രാപിച്ച് മടങ്ങിപ്പോകുന്നത്. വ്യക്തിപരമായി എന്റെ ജീവിതത്തിലും ധാരാളം അനുഗ്രഹങ്ങൾ എനിക്ക് വന്ദ്യ പിതാവിന്റെ മധ്യസ്ഥതയിൽ ലഭിച്ചിട്ടുണ്ട്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മാധ്യസ്ഥം നമുക്ക് അഭയം ആകട്ടെ...

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനസമിതി പുറത്തിറക്കുന്ന പദയാത്രക്കുറിപ്പുകൾ അടങ്ങുന്ന ഗ്രന്ഥം 'നുഹറോ ദ് മലങ്കര' ഈ വർഷം അതിന്റെ ആറാം പതിപ്പ് ഇറക്കാനായതിനാൽ ഭദ്രാസന സമിതിക്ക് ഏറെ സന്തോഷം ഉണ്ട്. പ്രാർത്ഥന കൊണ്ടും പിന്തുണ കൊണ്ടും എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയെ ഒത്തിരി സ്നേഹത്തോടെ ചേർത്തുനിർത്തുന്ന ഞങ്ങളുടെ വന്ദ്യ പിതാവ് അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ, പത്തനംതിട്ട ഭദ്രാസന പ്രഥമ ബിഷപ്പ് എമിരത്തൂസ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ, വികാരി ജനറാൾ മോൺ. വർഗീസ് കാലായിൽ വടക്കേതിൽ അച്ചൻ, ഭദ്രാസന ഡയറക്ടർ റവ. ഫാ. ജോബ് പതാലിൽ, അസി. ഡയറക്ടർ റവ. ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ, ആനിമേറ്റർ റവ. സി. ജൊവാൻ എസ്.ഐ.സി., ഭദ്രാസന സമിതി അംഗങ്ങൾ, പദയാത്ര അനുഭവക്കുറിപ്പുകൾ എഴുതി അയച്ചുതന്ന വൈദിക ശ്രേഷ്ഠർ, വന്ദ്യ സിസ്റ്റേഴ്സ്, പ്രിയ സഹോദരങ്ങൾ, സാമ്പത്തികമായി സഹായിച്ചവർ, യുവജന സുഹൃത്തുക്കൾ, ഡിസൈൻ–ലേഔട്ട് ആൻഡ് പ്രിന്റിംഗ് നിർവഹിച്ച ശാലോം പ്രസ്സ് സ്റ്റാഫ്, ഒപ്പം ആയിരുന്ന ഏവരെയും നന്ദിയോടെ ഓർക്കുന്നു.

ഒത്തിരി സ്നേഹത്തോടെ..

**ലിജോ ഫിലിപ്പ്**

(ട്രഷറാർ, എം.സി.വൈ.എം.
പത്തനംതിട്ട ഭദ്രാസനം)

www.malankaralibrary.com

# മലങ്കര കാതലിക് യൂത്ത് മൂവ്മെന്റ്
## പത്തനംതിട്ട ഭദ്രാസനം
## ഭദ്രാസന സമിതി 2022–23

രക്ഷാധികാരി

മോസ്റ്റ് റവ. സാമുവേൽ മാർ ഐറേനിയോസ്

സഹരക്ഷാധികാരി

മോൺ. വർഗ്ഗീസ് മാത്യു കാലായിൽ വടക്കേതിൽ

ഡയറക്ടർ

റവ.ഫാ. ജോബ് പതാലിൽ

അസി. ഡയറക്ടർ

റവ.ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ

സിസ്റ്റർ ആനിമേറ്റർ

സിസ്റ്റർ ജൊവാൻ SIC

പ്രസിഡന്റ്

അജോഷ് എം. തോമസ്

ജനറൽ സെക്രട്ടറി

ബിബിൻ എബ്രഹാം

ട്രഷറാർ

ലിജോ ഫിലിപ്പ്

വൈസ് പ്രസിഡന്റ്

അലീന ജോസഫ്

വൈസ് പ്രസിഡന്റ്

ജിജോ സി. വൈ.

സെക്രട്ടറി

ജിറ്റി കെ. എബ്രഹാം

സെക്രട്ടറി

ആൽബി കെ. ഷോജി

സെക്രട്ടറി

ലിബിൻ സി. മാത്യു

സഭാതല സിൻഡിക്കേറ്റ്

സുബിൻ തോമസ്

സഭാതല സിൻഡിക്കേറ്റ്

അക്സാ രാജൻ

KCYM സിൻഡിക്കേറ്റ്

ലിനു വി. ഡേവിഡ്

KCYM സിൻഡിക്കേറ്റ്

ജിഷ ജോസ്

എക്സ് ഒഫീഷ്യൽ

ജിഫിൻ സാം

www.malankaralibrary.com

